2023
AUGUST
03
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## റെക്കോർഡ് വില: രാജ്യത്ത് സ്വർണ ഡിമാൻഡ് കുറഞ്ഞു

**കൊച്ചി:** വില റെക്കോർഡ് നിലവാരത്തിലേക്കുയർന്നതോടെ ഇന്ത്യയുടെ സ്വർണ ഡിമാൻഡ് കുറഞ്ഞു. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഡിമാൻഡ് 7 ശതമാനമാണു കുറഞ്ഞത്. ലോകത്തിലെ രണ്ടാമത്തെ വലിയ സ്വർണ ഉപയോക്താക്കളായ ഇന്ത്യ 158.1 ടൺ സ്വർണമാണ് ഇക്കാലയളവിൽ ഇറക്കുമതി ചെയ്തതെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ വ്യക്തമാക്കി. മുൻവർഷം ഇത് 170.7 ടണ്ണായിരുന്നു. വില കുതിച്ചുയർന്നതോടെ ആഭ്യന്തര വിപണിയിൽ നിന്നുള്ള ആവശ്യം കുറഞ്ഞതാണ് ഇറക്കുമതി കുറയാൻ കാരണം.

ദേശീയ വിപണിയിൽ സ്വർണവില 10 ഗ്രാമിന് 64,000 രൂപ വരെ എത്തിയിരുന്നു. കേരളത്തിൽ പവന് 45,760 രൂപയിലേക്കും ഉയർന്നു. തുടർന്ന് കാര്യമായ ഇടിവ് വിലയിൽ ഉണ്ടാകാത്തതും ഉപയോക്താക്കളിൽ നിന്നുള്ള ഡിമാൻഡ് കുറയാനിടയാക്കി. അതേസമയം, കേന്ദ്രബാങ്കുകളുടെയും മറ്റും ശേഖരത്തിലേക്കുള്ള സ്വർണത്തിന്റെ ഡിമാൻഡ് ഇക്കാലയളവിൽ ആഗോള തലത്തിൽ ഉയർന്നിട്ടുണ്ട്. ജനുവരി ,ജൂൺ മാസത്തെ സ്വർണ ഡിമാൻഡ് 271 ടണ്ണിന്റേതാണ്. 2023 വർഷത്തിൽ ഇന്ത്യയുടെ ആകെ സ്വർണ ഇറക്കുമതി 650, 750 ടൺ ആയിരിക്കുമെന്നാണ് കൗൺസിലിന്റെ കണക്കുകൂട്ടൽ.

വില കൂടിയതിനാൽ ഇറക്കുമതി മൂല്യത്തിൽ കാര്യമായ വർധനയുണ്ട്. ജ്വല്ലറികളിൽ നിന്നുള്ള ഡിമാൻഡിൽ 8 ശതമാനമാണ് ഇടിവ്. കഴിഞ്ഞ വർഷം 140.3 ടൺ ഇറക്കുമതി ചെയ്തപ്പോൾ ഇത്തവണ 128.6 ടണ്ണായി കുറഞ്ഞു. അതേസമയം, 2000 നോട്ട് പിൻവലിച്ചത് ജ്വല്ലറികളിൽ നിന്നുള്ള സ്വർണവിൽപനയിൽ കാര്യമായ പ്രതിഫലനമുണ്ടാക്കിയതായും റിപ്പോർട്ടിൽ പറയുന്നു. 2000 നോട്ടുകൾ കൂടുതലും സ്വർണം വാങ്ങാൻ ഉപയോഗിച്ചതായി നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു.

## ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ ബിൽ ഇന്ന് സഭയിൽ



**ന്യൂഡൽഹി:** രാജ്യം ഏറെ കാത്തിരുന്ന ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ ബിൽ (ഡിപിഡിപി ബിൽ) വ്യാഴാഴ്ച കേന്ദ്ര സർക്കാർ ലോക്സഭയിൽ അവതരിപ്പിക്കും. കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവ് ആണ് ബിൽ സഭയിൽ അവതരിപ്പിക്കുക. ബില്ലിനു നേരത്തെ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. ഈ സമ്മേളനത്തിൽ തന്നെ ബിൽ പാസാക്കാനാണു നീക്കം.

ബിൽ നിയമമായാൽ സ്വകാര്യ കമ്പനികളടക്കം ഇതു പാലിക്കേണ്ടി വരും. സമൂഹമാധ്യമങ്ങൾ മുതൽ ബാങ്കുകൾവരെ ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങൾ എന്തിന് ഉപയോഗിക്കുന്നുവെന്ന് ആ വ്യക്തിയെ അറിയിക്കേണ്ടി വരും. വിവരച്ചോർച്ചയുണ്ടായാൽ കോടികൾ പിഴ നൽകണം. പൊതുജനങ്ങളുടെ 21,666 അഭിപ്രായങ്ങൾ സർക്കാരിനു ലഭിച്ചിരുന്നു. 48 സ്ഥാപനങ്ങളുമായും സർക്കാരിനുള്ളിൽ 38 വിഭാഗങ്ങളുമായും കൂടിയാലോചന നടത്തി.

ഏറെ ചർച്ചകൾക്കു വഴിവച്ച ബില്ലിന്റെ ആദ്യ രൂപം കഴിഞ്ഞ ഓഗസ്റ്റിൽ പിൻവലിച്ചിരുന്നു. തുടർന്നു തയാറാക്കിയ പുതിയ ബില്ലാണ് ഇപ്പോഴത്തേത്. വിവരാവകാശ അപേക്ഷയ്ക്ക് ഇനി വ്യക്തിവിവരങ്ങൾ മറുപടിയായി ലഭിക്കില്ല. നിയമം നടപ്പാക്കുന്നതിനായി ഡേറ്റ പ്രൊട്ടക്!ഷൻ അതോറിറ്റി നിലവിൽ വരും. അപ്പീലുകൾ ടെലികോം തർക്കപരിഹാര അപ്!ലറ്റ് ട്രൈബ്യൂണലുകൾ പരിഗണിക്കും.

വിവരച്ചോർച്ചയുണ്ടായാൽ ബന്ധപ്പെട്ട വ്യക്തിയെയും ഡേറ്റ പ്രൊട്ടക്ഷൻ ബോർഡിനെയും അറിയിക്കണം. വീഴ്ചയുണ്ടായാൽ 250 കോടി രൂപ വരെ പിഴ. ഇതു 500 കോടി വരെ ഉയർത്താനും വ്യവസ്ഥയുണ്ട്. വ്യക്തിവിവരം ശേഖരിക്കുമ്പോൾ ഓരോന്നിന്റെയും ഉദ്ദേശ്യം ഉപയോക്താവിനെ അറിയിച്ച് അനുമതി വാങ്ങണം. വ്യക്തികൾക്ക് എപ്പോൾ വേണമെങ്കിലും ഈ അനുമതി റദ്ദാക്കാനും സാധിക്കുന്ന തരത്തിലാണു പുതിയ നിയമമെന്നാണു സൂചന.

## രണ്ടായിരത്തിന്റെ 88ശതമാനം നോട്ടുകളും തിരിച്ചെത്തിയതായി ആർബിഐ

**ന്യൂഡൽഹി:** വിനിമയത്തിലുള്ള 2,000 രൂപ നോട്ടുകളിൽ 88 ശതമാനവും 70 ദിവസത്തിനുള്ളിൽ തിരിച്ചെത്തിയതായി റിസർവ് ബാങ്ക്. മേയ് 19നാണ് 2,000 രൂപയുടെ കറൻസി പിൻവലിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം ആർബിഐ നടത്തിയത്. അന്ന് 3.56 ലക്ഷം കോടി രൂപയുടെ നോട്ടാണ് വിനിമയത്തിലുണ്ടായിരുന്നത്. മേയ് 23 മുതലായിരുന്നു കറൻസി മാറ്റിയെടുക്കാൻ അവസരം.

ജൂലൈ 31 വരെയുള്ള കണക്കനുസരിച്ച് 3.14 ലക്ഷം കോടിയുടെ നോട്ടുകൾ തിരികെയെത്തി. ചുരുക്കത്തിൽ ഏകദേശം 42,000 കോടി രൂപയുടെ 2,000 രൂപാ നോട്ടുകളാണ് നിലവിൽ വിനിമയത്തിലുള്ളത്. തിരികെയെത്തിയ നോട്ടുകളുടെ 87 ശതമാനവും ബാങ്ക് നിക്ഷേപമായാണ് എത്തിയത്. ബാക്കിയുള്ള 13% മാറ്റിയെടുത്തവയാണ്. സെപ്റ്റംബർ 30 ആണ് നോട്ട് മാറ്റിയെടുക്കാനുള്ള അവസാന തീയതി.

## ജൂലൈയിൽ ജിഎസ്ടി വരുമാനം ഉയർന്നു

**ന്യൂഡൽഹി:** ജൂലൈയിൽ രാജ്യമാകെയുള്ള ജിഎസ്ടി വരുമാനം 1.65 ലക്ഷം കോടി രൂപ. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 11% വളർച്ചയുണ്ടായി. ജിഎസ്ടി നിലവിൽ വന്ന ശേഷം ഇത് അഞ്ചാം തവണയാണ് വരുമാനം 1.6 ലക്ഷം കോടി കടക്കുന്നത്. തുടർച്ചയായി 18 മാസമായി വരുമാനം 1.4 ലക്ഷം കോടിക്ക് മുകളിലാണ്. കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി (സിജിഎസ്ടി) 29,773 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി (എസ്ജിഎസ്ടി)37,623 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇന്റഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി)85,930 കോടി, സെസ്11,779 കോടി എന്നിങ്ങനെയാണ് വരുമാനം. ജൂണിൽ 1.61 ലക്ഷം കോടിയായിരുന്നു വരുമാനം. കേരളത്തിന്റെ ജിഎസ്ടി വരുമാനം ജൂലൈയിൽ 2381 കോടി രൂപയാണ്.





# താലൂക്കുതല അദാലത്ത്; ജില്ലയിൽ 673 പരാതികൾക്ക് കൂടി തീർപ്പ്

**കൊച്ചി:** പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി ജില്ലയിൽ നടന്ന കരുതലും കൈത്താങ്ങും താലൂക്ക്തല അദാലത്തിൽ തുടർ നടപടികൾക്കായിമാറ്റിവച്ച പരാതികളിൽ 673 പരാതികൾക്ക് പരിഹാരം. കഴിഞ്ഞ മേയ് മാസത്തിൽ വ്യവസായ വകുപ്പു മന്ത്രി പി.രാജീവിന്റെയും കൃഷിവകുപ്പ് മന്ത്രി പി.പ്രസാദിന്റെയും നേതൃത്തിൽ എഴു താലൂക്കുകളിലായി നടന്ന അദാലത്തുകളിൽ തുടർനടപടികൾക്കായി മാറ്റിവച്ച 1187 പരാതികളാണ് പരിഗണിച്ചത്. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രിമാരായ പി. രാജീവ്, പി. പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് പരിഹാരം. കൊച്ചി താലൂക്കിൽ പരിഗണിച്ച 150 പരാതികളിൽ 61 പരാതികൾക്ക് പരിഹാരമായി. കോതമംഗലം താലൂക്കിൽ 173 പരാതികളിൽ 51 പരിഹരിച്ചു. കണയന്നൂർ താലൂക്കിൽ പരിഗണിച്ച 196 പരാതികളിൽ 143 പരാതികൾക്ക് പരിഹാരമായി. മൂവാറ്റുപുഴ താലൂക്കിൽ പരിഗണിച്ച 86 പരാതികളിൽ 46 പരാതികൾക്ക് പരിഹാരമായി. കുന്നത്തുനാട് താലൂക്കിൽ125 പരാതികൾക്ക് പരിഹാരമായി.

191 പരാതികളാണ് പരിഗണിച്ചത്. പറവൂർ താലൂക്കിൽ പരിഗണിച്ച 199 പരാതികളിൽ 121 പരിഹാരമായി. ആലുവ താലൂക്കിൽ പരിഗണിച്ച 192 പരാതികളിൽ 126 പരാതികൾ പരിഹരിച്ചു. വിവിധ താലൂക്കുകളിലായി 514 പരാതികൾ തുടർ നടപടിൾക്കായി മാറ്റിവച്ചു. ഓഗസ്റ്റ് 30 നകം അദാലത്തിൽ ലഭിച്ച മുഴുവൻ പരാതികളിലും തീർപ്പുണ്ടാകുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ജില്ലയിൽ തീർപ്പാക്കാൻ കഴിയാത്ത വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.കണയന്നൂർ, പറവൂർ, ആലുവ, കൊച്ചി, കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിലായി നടന്ന ജില്ലയിലെ അദാലത്തുകളിൽ ആകെ1703 പരാതികളാണ് പരിഗണിച്ചത്.

അതിൽ1225അപേക്ഷകരെ മന്ത്രിമാർ നേരിൽ കണ്ട്പരാതികൾ തീർപ്പാക്കിയിരുന്നു. അപേക്ഷകർ ഹാജരാകാത്തതിനാൽ 478 പരാതികൾമാറ്റി വയ്ക്കുകയും 1205പുതിയ അപേക്ഷകൾലഭിക്കുകയും ചെയ്തിരുന്നു. അദാലത്തുകളിൽ തീർപ്പാക്കാൻ സാധിക്കാത്തവ തുടർനടപടികൾക്കായി വകുപ്പ് ഉദ്യോഗസ്ഥർക്കായി നൽകിയിരുന്നു.

അവയിലുണ്ടായ നടപടി പുരോഗതിയാണ് അവലോകനയോഗത്തിൽ മന്ത്രിമാർ വിലയിരുത്തിയത്. വയോജന സംരക്ഷണം, മസ്റ്ററിംഗ് നടത്തിയിട്ടും പെൻഷൻ ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതി, ഭൂമി സംബന്ധമായ വിഷയങ്ങൾ, അതിർത്തി നിർണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം, സംരംഭം തുടങ്ങാൻ ആവശ്യമായ സഹായം, ലൈഫ് മിഷൻ പദ്ധതി വഴി വീട് ലഭ്യമാകുന്നത് സംബന്ധിച്ച്, കർഷകത്തൊഴിലാളി പെൻഷൻ, കുടിവെള്ള കണക്ഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയ വിവിധ പരാതികളാണ് പരിഗണിച്ചത്.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ്, സബ് കളക്ടർ പി. വിഷ്ണു രാജ്, എ.ഡി.എം: എസ്. ഷാജഹാൻ, മൂവാറ്റുപുഴ ആർഡിഒ: പി.എൻ അനി, ഡെപ്യൂട്ടി കളക്ടർമാരായ ബി. അനിൽ കുമാർ, വി.ഇ.അബ്ബാസ്, തഹസിൽദാർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മെഡിക്കൽ കോളേജിൽ നേത്ര രോഗ ചികിത്സക്കുള്ള നോൺ കോൺടാക്ട് ടോണോ മീറ്റർ സ്ഥാപിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നേത്രരോഗ ചികിത്സാ വിഭാഗത്തിലേക്ക് നൂതന സാങ്കേതിക വിദ്യയിലുള്ള നോൺ കോൺടാക്ട് ടോണോ മീറ്റർ മെഷീൻ സ്ഥാപിച്ചു. കണ്ണിന്റെ സമ്മർദ്ദം നിർണയിക്കുന്നതിനാണ് ഈ മെഷീൻ ഉപയോഗിക്കുന്നത്.കൂടുതൽ പേരെ കുറഞ്ഞ സമയത്തിനുള്ളിൽ പരിശോധിക്കാൻ മെഷീൻ സഹായകമാകും.

കുട്ടികളെയും പ്രായമായവരെയും ഇരിക്കാൻ ബുദ്ധിമുട്ട് ഉള്ളവരെയും വേഗത്തിൽ പരിശോധനക്കുവിധേയമാക്കാൻ ഇതുവഴി കഴിയും.

ഗ്ലോക്കോമ സ്ക്രീനിംഗ് ചെയ്യുന്നതിനും നേത്ര പടലത്തിന്റെ കട്ടി അളക്കുന്നതിനും ഈ മെഷീൻ കൊണ്ട് സാധ്യമാണ്.രോഗിയെ തൊടാതെ പരിശോധിക്കുവാൻ കഴിയും എന്നത് ഈ മെഷീന്റെ മറ്റൊരു പ്രത്യേകതയാണ്.എൽ. ജി ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ സി. എസ്. ആർ. ഫണ്ടിൽ നിന്നും 666400/ ലക്ഷം രൂപ ചെലവിട്ടാണ് മെഷീൻ വാങ്ങിയത്.

നിരവധി പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നേത്ര ചികിത്സക്ക് എത്തുന്ന രോഗികൾക്ക് മികച്ച ചികിത്സ നൽകാൻ ഈ മെഷീൻ സഹായകരമാകും.



# കളമശ്ശേരിയിൽ കാർഷികോത്സവം 20 മുതൽ

**കൊച്ചി:** കളമശ്ശേരി മണ്ഡലത്തിൽ നടപ്പാക്കി വരുന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ കൃഷിക്ക് ഒപ്പം കളമശ്ശേരിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികോത്സവം 2023ന്റെ സ്വാഗത സംഘം ഓഫീസ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു.

കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആഗസ്റ്റ് 20 മുതൽ 27വരെയാണ് കളമശ്ശേരിയിൽ കാർഷികോത്സവം സംഘടിപ്പിക്കുന്നത്. പ്രാദേശിക കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ആരോഗ്യദായക സമീകൃത ഭക്ഷ്യമേളയുമാണ് കാർഷികോത്സവത്തിന്റെ മുഖ്യ ആകർഷണം. 60ൽ പരം സ്റ്റാളുകളാണ് മേളയിൽ സന്ദർശകർക്കായി ഒരുക്കുന്നത്.

ഫലം, പച്ചക്കറി, നെൽകൃഷി, ക്ഷീര കർഷകർ, മുട്ടക്കോഴി, പക്ഷി വളർത്തൽ, മത്സ്യകൃഷി തുടങ്ങി മണ്ഡലത്തിലെ വിവിധ മേഖലയിലെ കർഷകരെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് കാർഷികോത്സവത്തിലൂടെ ലക്ഷ്യമിടുന്നത്. നേതൃത്വ പരിശീലന ക്യാമ്പും കർഷകരുടെ സംഗമവും കാർഷികോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.കളമശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ കെട്ടിടത്തിലാണ് സ്വാഗത സംഘം ഓഫീസ് പ്രവർത്തനമാരംഭിച്ചത്. മുപ്പത്തടം സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് വി.എം ശശി അധ്യക്ഷത വഹിച്ചു.

# യൂത്ത് ഫെസ്റ്റ് 2023 : എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** വിദ്യാർത്ഥികൾക്കിടയിൽ എച്ച് ഐ വി / എയ്ഡ്സിനെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും, സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.അന്താരാഷ്ട്ര യുവജന ദിനമായ ആഗസ്റ്റ് 12 ന് മുന്നോടിയായി ജില്ലാ അടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തും.

കോളേജ് വിദ്യാർത്ഥികൾക്കായി (17 നും 25 നു മിടയിൽ പ്രായം ഉള്ളവർ ) നാടകം, റീൽസ്, മാരത്തോൺ എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു.ഐടിഐ, പോളിടെക്നിക്ക്, ആർട്ട്സ് &സയൻസ് , പ്രഫഷണൽ കോളേജുകൾ തുടങ്ങി എല്ലാ കോളേജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിനോദപരവും, വിജ്ഞാനപരവും, വസ്തുതാപരവുമായി കലയിലൂടെ സന്ദേശത്തെ അവതരിപ്പിക്കുന്നവരായിരിക്കും വിജയികളാവുക . വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകുന്നതാണ്. നാടക മത്സരത്തിന് ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 8000 , 5000 , 3000 രൂപയും , മാരത്തോണിന് 4000, 2500 , 1500 രൂപയും , റീൽസിന് 1000, 750, 500 രൂപയുമാണ് സമ്മാന തുക. മാരത്തോൺ പുരുഷ / സ്ത്രീ പ്രത്യേകം മത്സരങ്ങൾ നടത്തും.പങ്കെടുക്കുവാൻ താൽപര്യമുള്ളവർ youthfestekm@gmai-l.com എന്ന ഈ മെയിൽ വിലാസത്തിൽ പേര് , വയസ്സ്, പഠിക്കുന്ന കോഴ്സ്, സ്ഥാപനത്തിന്റെ പേര് , പങ്കെടുക്കുന്ന ഇനം , മൊബൈൽ നമ്പർ എന്നിവ സഹിതം ആഗസ്റ്റ് 4 നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 7012722501,9526816588 ബന്ധപ്പെടാവുന്നതാണ്.

# ദിവസവേതനാടിസ്ഥാനത്തിൽ ലൈഫ് ഗാർഡ്മാരെ നിയമിക്കുന്നു

**കൊച്ചി:** കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ലൈഫ് ഗാർഡ്മാരെ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് ഇനി പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികൾ ആയിരിക്കണം, ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിൽ പരിശീലനം പൂർത്തിയായവർ ആയിരിക്കണം, 20 വയസിനും 45 വയസിനും മധ്യേ പ്രായമുള്ളവർ ആയിരിക്കണം, പ്രതികൂല കാലാവസ്ഥയിലും കടലിൽ നീന്താൻ ക്ഷമതയുള്ളവരായിരിക്കണം. ലൈഫ് ഗാർഡായി ജോലി ചെയ്തുള്ള പ്രവൃത്തി പരിചയമുള്ളവർക്കും അതത് ജില്ലയിൽ താമസിക്കുന്നവർക്കും 2018ലെ പ്രളയരക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർക്കും മുൻഗണന ഉണ്ടായിരിക്കും. താല്പര്യമുള്ളവർ പ്രായം, യോഗ്യത, മേൽവിലാസം തെളിയിക്കുന്ന രേഖകൾ സഹിതം ഫിഷറീസ് സ്റ്റേഷൻ, അഴീക്കൽ.പി.ഒ, വൈപ്പിൻ കാര്യാലയത്തിൽ ഓഗസ്റ്റ് 10ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. ഓഗസ്റ്റ് 11ന് രാവിലെ 11ന് എറണാകുളം മേഖലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്കായി 04842502768.

# ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവേശനം

**കൊച്ചി:** സംസ്ഥാന വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള കളമശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷം ദൈർഘ്യമുള്ള ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളായ ഫുഡ് പ്രൊഡക്ഷൻ, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആന്റ് ബീവറേജ് സർവ്വീസ്, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ, കാനിംഗ് ആന്റ് ഫുഡ് പ്രിസർവേഷൻ എന്നീ കോഴ്സുകളിൽ ജനറൽ, സംവരണ വിഭാഗക്കാർക്ക് ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട്.കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842558385, 9188133492.

# സംസ്ഥാനത്ത് ഹൗസിംഗ് പാർക്ക് സ്ഥാപിക്കും : മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** കാലാവസ്ഥ വ്യതിയാനം അതിജീവിക്കുന്ന പരിസ്ഥിതി സൗഹൃദ നിർമാണ രീതികൾ പരിചയപ്പെടുത്തുന്ന ഹൗസിംഗ് പാർക്ക് കേരളത്തിൽ സ്ഥാപിക്കുമെന്ന് റവന്യൂ, ഭവന നിർമാണ മന്ത്രി കെ രാജൻ പറഞ്ഞു. സംസ്ഥാന നിർമിതി കേന്ദ്രം നടപ്പാക്കുന്ന ത്രീഡി പ്രിന്റിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമാണ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.



ആധുനിക പാർപ്പിട സംസ്കാരത്തെക്കുറിച്ചുള്ള നിരന്തരമായ അന്വേഷണത്തിന്റെയും പഠനത്തിന്റെയും ഭാഗമായാണ് ത്രീഡി പ്രിന്റിംഗ് നിർമാണ സാങ്കേതികവിദ്യ സർക്കാർ പരിചയപ്പെടുത്തുന്നത്. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ കുറഞ്ഞ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമാണം പൂർത്തിയാക്കാമെന്നതാണ് ഈ സാങ്കേതിക വിദ്യയുടെ പ്രത്യേകത. ചെന്നൈ ഐ ഐ ടി കേന്ദ്രീകരിച്ച ട്വസ്റ്റ എന്ന സ്ഥാപനമാണ് നൂതനമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നത്. സംസ്ഥാന നിർമിതി കേന്ദ്രവുമായി സഹകരിച്ച് മറ്റ് മേഖലകളിലും പദ്ധതി വ്യാപിപ്പിക്കും. അധിക മാലിന്യമില്ലാതെ സങ്കീർണത കുറഞ്ഞ രീതിയിൽ 500 ചതുരശ്ര അടി വീട്നിർമാണത്തിന് പരമാവധി 27 ദിവസം മാത്രമാണെടുക്കുന്നത്. ഇത്തരത്തിൽ ഒരേ ഡിസൈനിലുള്ള ഹൗസിംഗ് കോളനികളുടെ നിർമാണം കൂടുതൽ ലാഭകരമാകും. നടി സുകുമാരിയുടെ സ്മരണക്കായി നിംസ് മെഡിസിറ്റി നിർമിക്കുന്ന മന്ദിരത്തിന്റെ നിർമാണം നിർമിതി കേന്ദ്രവുമായി സഹകരിച്ച് പൂർണമായും ത്രീഡി പ്രിന്റിംഗ് സാങ്കേതിക വിദ്യയിലധിഷ്ഠിതമായിരിക്കുമെന്നറിയിച്ചിട്ടുണ്ട്. ആധുനിക പാർപ്പിട സംസ്കാരത്തെക്കുറിച്ചുള്ള പൊതു സംവാദത്തിനുള്ള ഇടമായി നിർമിതി കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള ഹൗസിംഗ് പാർക്കുകൾ ഭാവിയിൽ മാറ്റുമെന്നും മന്ത്രി പറഞ്ഞു.നിർമിതി കേന്ദ്രവും ട്വസ്റ്റ കമ്പനിയും തമ്മിലുള്ള ധാരണാ പത്രം ചടങ്ങിൽ കൈമാറി. തിരുവനന്തപുരം പി ടി പി നഗറിലെ നിർമിതി കേന്ദ്രം ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ചു. സംസ്ഥാന നിർമിതി കേന്ദ്രം ഡയറക്ടർ ഡോ.ഫെബി വർഗീസ് സ്വാഗതമാശംസിച്ചു. ട്വസ്റ്റ കമ്പനി സിഇ ഒ ആദിത്യ വി എസ് പദ്ധതി വിശദീകരണം നടത്തി. അശോക് കുമാർ , ജയൻ ആർ എന്നിവർ സംബന്ധിച്ചു.

## എൻ. എസ്. എസ് നിലപാട് സ്വാഗതാർഹം : വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി** : ഗണപതി ഭഗവാനെ നിന്ദിച്ച് ഹൈന്ദവ വിശ്വാസം വ്രണപ്പെടുത്തിയ നിയമ സഭാ സ്പീക്കർ എ.എൻ. ഷംസീറിനെതിരെ പ്രതിഷേധം രേഖപ്പെടുത്തിയ എൻ.എസ്.എസിന്റെയും ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായരുടെയും നിലപാട് സ്വാഗതാർഹമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന കമ്മിറ്റി.

കേരളത്തിലെ മിക്ക ഹൈന്ദവ സമുദായ സംഘടനകളും സ്പീക്കറുടെ പ്രസ്താവനയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കഴിഞ്ഞു. ഭരണഘടനാ പദവിയിലിരിക്കുന്ന ദൈവ വിശ്വാസിയായ ഷംസീർ മറ്റ് മതങ്ങളുടെ പ്രത്യേകിച്ച് ഹൈന്ദവരുടെ ദൈവങ്ങളെയും, ആചാരാനുഷ്ഠാനങ്ങളെയും പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നത് കൈയ്യും കെട്ടി നോക്കി നിൽക്കാനാവില്ലെന്ന് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി ജനറൽ സെക്രട്ടറി വി.ആർ രാജശേഖരൻ എന്നിവർ പറഞ്ഞു. സംഘടനയുടെ നേതൃത്വത്തിൽ ഗണപതി ഭഗവാന് വന്ദനം അർപ്പിച്ച് സംസ്ഥാന വ്യാപകമായി വിപുലമായ രീതിയിൽ ഗണേശോത്സവവും വിഗ്രഹ ഘോഷയാത്രകളും സംഘടിപ്പിക്കുമെന്ന് നേതാക്കൾ അറിയിച്ചു.

ഭൗതിക വാദ പ്രസ്ഥാനമായ സിപിഎമ്മിന്റെ നേതാവായി ഏക ദൈവ വിശ്വാസിയായ എ.എൻ.ഷംസീർ പ്രവർത്തിക്കുന്നതു തന്നെ കാപട്യമാണ്. ഈ കാപട്യം മറയ്ക്കാനാണ് സി.പി.എം. സംസ്ഥാന സെക്രട്ടറി ഗോവിന്ദൻ മാസ്റ്റർ ഷംസീറിനെ ന്യായീകരിക്കുന്നത്. ഭൂരിപക്ഷ സമുദായത്തെ ഭിന്നിപ്പിച്ചും ഷംസീറിനെ സംരക്ഷിച്ചും ന്യൂനപക്ഷ പ്രീണനം നടത്തി വോട്ട് ബാങ്ക് രാഷ്ട്രീയം കളിക്കുന്ന സിപിഎമ്മിന്റെ അടവ് നയം കേരളത്തിൽ ഇനി വിലപോകില്ലെന്നും നേതാക്കൾ പറഞ്ഞു.

## ടെക്നിക്കൽ എക്സ്പെർട്ട്, അഭിഭാഷകർ താത്കാലിക നിയമനം

**കൊച്ചി:** കേരള സംസ്ഥാന യുവജന കമ്മീഷൻ 202324 സാമ്പത്തിക വർഷത്തിൽ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ടെക്നിക്കൽ എക്സ്പെർട്ട്, അഭിഭാഷകർ എന്നീ തസ്തികകളിൽ പദ്ധതിയുടെ ഭാഗമായി താത്കാലികമായി നിയമിക്കപ്പെടുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചു. ടെക്നിക്കൽ എക്സ്പെർട്ട് (1 ഒഴിവ്).

യോഗ്യതകൾ എം.സി.എ അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ്/ ഇലക്ട്രോണിക്സ് എന്നിവയിലേതെങ്കിലും വിഷയത്തിൽ ബിടെക് /ഡിപ്ലോമ. മലയാളം, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് അറിഞ്ഞിരിക്കണം. കണ്ടന്റ് റൈറ്റിംഗ്, വെബ് ഡിസൈനിംഗ്, ഫോട്ടോഷോപ്പ് എന്നിവയിൽ പരിജ്ഞാനം. ഉയർന്ന പ്രായ പരിധി 40 വയസ്സ്. അഭിഭാഷകർ (2 ഒഴിവ്) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമ ബിരുദം. അഭിഭാഷകവൃത്തിയിൽ 3 വർഷത്തെ പ്രവൃത്തി പരിചയം.

ഉയർന്ന പ്രായപരിധി 40 വയസ്സ്. ഇന്റർവ്യൂവിന് പങ്കെടുക്കുന്നവർ ബയോഡേറ്റയും പ്രായവും യോഗ്യതകളും തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പും 2 പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഓഗസ്റ്റ് 8 ന് ഉച്ചയ്ക്ക് 2.00 നു തിരുവനന്തപുരം വികാസ് ഭവനിലുള്ള കേരള സംസ്ഥാന യുവജന കമ്മീഷൻ ആസ്ഥാന ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04712308630

## ഖരമാലിന്യ പരിപാലനം; 1.86 കോടിയുടെ പദ്ധതികൾക്ക് കൗൺസിൽ അംഗീകാരം

**ഇരിങ്ങാലക്കുട :** സംസ്ഥാന സർക്കാരിന്റെ ഖരമാലിന്യ പരിപാലന പദ്ധതിയിൽ നഗരസഭയിൽ ആദ്യ 2 വർഷത്തിൽ നടപ്പാക്കുന്ന 1.86 കോടി രൂപയുടെ പദ്ധതികൾക്ക് കൗൺസിൽ അംഗീകാരം നൽകി. സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ, ഹരിതകർമ സേനയ്ക്ക് ഇ ഓട്ടോകൾ, വീടുകളിലേക്ക് റിങ് കംപോസ്റ്റ്, ബയോ കംപോസ്റ്റ് ബിന്നുകളുടെ വിതരണം എന്നിവയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്. 202127 കാലയളവിലെ പദ്ധതിക്ക് 10.10 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചത്.

കൂടൽമാണിക്യം ദേവസ്വം ആനപ്പിണ്ഡവും പ്ലാസ്റ്റിക് ചാക്കും കൂട്ടിയിട്ട് കത്തിക്കുന്നതിനാൽ പരിസര പ്രദേശത്ത് മലിനീകരണം ഉണ്ടാകുന്നതായി സ്വകാര്യവ്യക്തി നൽകിയ പരാതി ബിജെപി അംഗം സന്തോഷ് ബോബൻ യോഗത്തിൽ ഉന്നയിച്ചത് വാഗ്വാദത്തിനിടയാക്കി. സ്ഥാപനങ്ങൾ നിയമ സംവിധാനം അനുസരിച്ച് പ്രവർത്തിക്കുന്നതാണെന്നും തെറ്റിദ്ധാരണ ഉണ്ടാക്കരുതെന്നും ഉപാധ്യക്ഷൻ! ടി.വി.ചാർളി പറഞ്ഞു. നിരന്തരമായി കൂടൽമാണിക്യം ദേവസ്വത്തെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനകളാണ് സന്തോഷ് ബോബന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നതെന്ന് എൽഡിഎഫ് പാർലമെന്ററി പാർട്ടി ലീഡർ കെ.ആർ.വിജയ കുറ്റപ്പെടുത്തി.

കൂടൽമാണിക്യം ദേവസ്വത്തിനെതിരെയുള്ള പരാതി ബിജെപിയുടെ രാഷ്ട്രീയ അജണ്ടയാണോയെന്ന് വ്യക്തമാക്കണമെന്ന് എൽഡിഎഫ് അംഗം സി.സി.ഷിബിൻ ആവശ്യപ്പെട്ടു. കൂടൽമാണിക്യം ക്ഷേത്രത്തെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ വാർത്തകൾ സൃഷ്ടിക്കാനുള്ള ശ്രമമാണ് ബിജെപി അംഗത്തിന്റേതെന്ന് കോൺഗ്രസ് പാർലമെന്ററി പാർട്ടി ലീഡർ സോണിയ ഗിരി കുറ്റപ്പെടുത്തി.

ദേവസ്വങ്ങളുടെ പ്രവർത്തനങ്ങൾക്ക് ബിജെപി എതിരല്ലെന്ന് ബിജെപി അംഗം ടി.കെ. ഷാജു വിശദീകരിച്ചു. വ്യക്തിപരമായ പരാതികൾ കൗൺസിൽ യോഗത്തിൽ ഉന്നയിക്കാതെ ഫ്രണ്ട് ഓഫിസ് സംവിധാനത്തിലൂടെ നൽകണമെന്നു യോഗത്തിൽ അധ്യക്ഷത വഹിച്ച നഗരസഭ അധ്യക്ഷ സുജ സഞ്ജീവ്കുമാർ നിർദേശിച്ചു.

## നിയോഗ് മെഗാ തൊഴിൽമേള 12ന്; മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും എംപ്ലോയബിലിറ്റി സെന്ററിന്റെയും ആഭിമുഖ്യത്തിൽ ഫാത്തിമ മാതാ നാഷണൽ കോളജിൽ ഓഗസ്റ്റ് 12ന് രാവിലെ 10 ന് നിയോഗ് മെഗാ തൊഴിൽമേള സംഘടിപ്പിക്കും. ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. എൻ കെ പ്രേമചന്ദ്രൻ എം പി, എം നൗഷാദ് എം എൽ എ തുടങ്ങിയവർ പങ്കെടുക്കും.

ബാങ്കിങ്, ഫിനാൻസ്, അക്കൗണ്ട്സ്, സെയിൽസ്, മാർക്കറ്റിങ്, അഡ്മിനിസ്ട്രേഷൻ, എച്ച് ആർ, ഐ ടി, എഡ്യൂക്കേഷൻ, ടെലി കമ്മ്യൂണിക്കേഷൻ, ഓട്ടോമൊബൈൽസ്, മെഡിക്കൽ പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിലെ തൊഴിൽദാതാക്കൾ മേളയിൽ പങ്കെടുക്കും. 3000 ഒഴിവുകളാണുള്ളത്. എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി, എൻജിനീയറിങ്, ഡിപ്ലോമ, ഐ ടി ഐ അല്ലെങ്കിൽ അധിക യോഗ്യതയുള്ള 35 വയസിനകം പ്രായമുള്ളവർക്കും അവസാന വർഷ വിദ്യാർഥികൾക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പങ്കെടുക്കാം. എംപ്ലോയബിലിറ്റി സെന്റർ കൊല്ലം എന്ന ഫേസ്ബുക്ക് പേജിൽ നൽകിയ എൻ സി എസ് പോർട്ടൽ ക്യൂ ആർ കോഡ് മുഖേനയാണ് രജിസ്ട്രേഷൻ ചെയ്യേണ്ടത്. തുടർന്ന് ലഭിക്കുന്ന എൻ സി എസ് ഐ ഡിയും അഞ്ച് ബയോഡാറ്റയും സഹിതം മേളയിൽ പങ്കെടുക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാൻ പറ്റാത്തവർക്കായി സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവുമുണ്ട്.

# വിസ്മയ കാഴ്ചയായി ചെണ്ടുമല്ലി



**പുൽപ്പള്ളി:** കബനിനദിക്കരയിലും ചെണ്ടുമല്ലികൾ കൂട്ടത്തോടെ പൂത്തത് വിസ്മയക്കാഴ്ചയായി. കർണാടകയിലെ ഗുണ്ടൽപ്പേട്ട പൂപ്പാടങ്ങളാൽ സമൃദ്ധമെങ്കിലും ഇത്തവണ കൂടുതൽ സ്ഥലത്ത് ചെണ്ടുമല്ലി കൃഷി ചെയ്തിട്ടുണ്ട്. കേരളകർണാടക അതിർത്തി പ്രദേശങ്ങളായ കർണാടകയിലെ വെള്ള, ഹാൻപോസ്റ്റ്, എച്ച്ഡി കോട്ട എന്നിവിടങ്ങളിലാണ് ധാരാളമായി ചെണ്ടുമല്ലി കൃഷി ചെയ്തിരിക്കുന്നത്.

കർഷകരിൽ ഏറെയും മലയാളികളാണെന്നതാണ് മറ്റൊരു പ്രത്യേകത. ഇഞ്ചി, വാഴ കൃഷിയോടൊപ്പമാണ് മലയാളി കർഷകർ ഇടവിളയായി ചെണ്ടുമല്ലിയും കൃഷി ചെയ്തിരിക്കുന്നത്. ഏക്കർ കണക്കിന് സ്ഥലത്ത് ചെണ്ടുമല്ലി കൂട്ടത്തോടെ പൂത്തുനിൽക്കുന്നത് മനോഹരമായി കാഴ്ചയായി മാറിയിരിക്കുകയാണ്.

സാധാരണ ഗുണ്ടൽപേട്ടിൽ പൂക്കാലമായാൽ സഞ്ചാരികളുടെ ഒഴുക്കാണ്. മുൻകാലങ്ങളിൽ വിഭിന്നമായി മറ്റിടങ്ങളിൽ കൂടി ചെണ്ടുമല്ലിപ്പാടമൊരുങ്ങിയതോടെ ഇവിടങ്ങളിലേക്കും സഞ്ചാരികൾ കൂട്ടത്തോടെ ഒഴുകുകയാണ്.

അവധിദിവസങ്ങളിലാണ് ഇതുവഴി മൈസൂരിലേക്കും മറ്റും പോകുന്ന സഞ്ചാരികൾ ചെണ്ടുമല്ലി പാടങ്ങളിൽ സമയം ചെലവഴിക്കുന്നത്.

സാധാരണ ഗുണ്ടൽപേട്ടിൽ പാടങ്ങളിൽ ഇറങ്ങി ഫോട്ടോയും വീഡിയോയും എടുക്കുന്നതിന് പണം വാങ്ങാറുണ്ട്. എന്നാൽ ഇവിടെ സൗജന്യമായി തന്നെ ആളുകൾക്ക് പാടങ്ങളിലിറങ്ങി ഫോട്ടോയും വീഡിയോയും എടുക്കാം.

പ്രധാനമായും പെയിൻറ് നിർമാണത്തിനായാണ് ചെണ്ടുമല്ലി കൊണ്ടുപോകാറുള്ളത്.

അതോടൊപ്പം ഓണത്തിന് പൂക്കളമൊരുക്കുന്നതിനും ചെണ്ടുമല്ലിയെത്തിക്കാനാണ് പല കർഷകരും ലക്ഷ്യമിടുന്നത്. ചെണ്ടുമല്ലി കൊണ്ടുപോകുന്നതിനായി പല പെയിൻറ് കമ്പനികളുമായി കർഷകർ കരാറിൽ ഏർപ്പെട്ടു കഴിഞ്ഞു.

അടുത്തയാഴ്ച മുതൽ വിളവെടുപ്പ് ആരംഭിക്കുന്ന വിധത്തിൽ പൂക്കൾ പാകമായി കഴിഞ്ഞു.

ഇഞ്ചി, വാഴ കൃഷിക്കായി സ്ഥലം പാട്ടത്തിനെടുത്ത മലയാളി കർഷകരാണ് പരീക്ഷണാടിസ്ഥാനത്തിൽ പൂക്കൃഷിയിലേക്ക് തിരിഞ്ഞിരിക്കുന്നത്. ഇത് ലാഭമായാൽ വരും വർഷങ്ങളിലും പൂക്കൃഷിയിൽ തുടരാനാണ് പല കർഷകരുടെയും തീരുമാനം.

# അതിഥി തൊഴിലാളികളുടെ കുട്ടികൾക്ക് ഡേ കെയർ, ക്രഷ് സംവിധാനമൊരുക്കും: മന്ത്രി പി. രാജീവ്



**കൊച്ചി:** അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ സുരക്ഷയുടെ ഭാഗമായി ആലുവ, പെരുമ്പാവൂർ മേഖലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഡേ കെയർ, ക്രഷ് സംവിധാനമൊരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. ആലുവയിൽ അഞ്ചു വയസുകാരി കൊല്ലപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ കുട്ടികൾക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കളക്ടറേറ്റിൽ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചു ചേർന്ന പ്രത്യേക യോഗത്തിലാണു മന്ത്രി ഇക്കാര്യം അറിയിച്ചത്.

അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ കേന്ദ്രീകരിച്ചു തന്നെ ഡേ കെയർ ക്രമീകരിക്കുന്നതിനുള്ള സാധ്യതയാണ് പരിഗണിക്കുന്നത്. മാതാപിതാക്കൾ ജോലിക്കു പോകുന്നതിനാൽ സ്കൂൾ സമയം കഴിഞ്ഞും അവധി ദിവസങ്ങളിലും കുട്ടികൾ വീടുകളിൽ ഒറ്റപ്പെട്ടു പോകുന്ന സാഹചര്യം ഒഴിവാക്കുകയാണു ലക്ഷ്യം. ക്രഷ് ആവശ്യമായ ഇടങ്ങളിൽ ഒരുക്കും.

ആലുവയിലേത് അതിദാരുണമായ കാര്യമാണെന്നും ഇനി ഇത്തരത്തിലൊരു സംഭവം ആവർത്തിക്കാതിരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. തൊഴിൽ വകുപ്പ്, പോലീസ്, എക്സൈസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ നേതൃത്തിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷന് വേണ്ടി മാസ് ഡ്രൈവ് നടത്തും. അതിഥി ആപ്പ് സജ്ജമാകുന്നതോടെ രജിസ്ട്രേഷൻ നടപടികൾക്കു വേഗത കൈവരും. കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തിരിക്കുന്നത് നഗരസഭയിൽ കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കും.

അതിഥി തൊഴിലാളികൾക്കിടയിലെ ലഹരിയുടെ ഉപയോഗവും വ്യാപനവും തടയുന്നതിനായി പോലീസും എക്സൈസും സംയുക്തമായി പ്രത്യേക പരിശോധന നടത്താൻ മന്ത്രി നിർദേശിച്ചു. ലഹരിക്കെതിരായ ബോധവത്കരണം ഉൾപ്പെടെ വ്യാപകമാക്കും. ഇത്തരം പ്രവർത്തനങ്ങളിലെല്ലാം ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കും. അടുത്ത ദിവസം ആലുവയിൽ ജനപ്രതിനിധികളുടെ യോഗം വിളിക്കും. അതിഥി തൊഴിലാളികൾ കൂടുതലുള്ള ആലുവ, പെരുമ്പാവൂർ മേലകളിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളിൽ കുറ്റകൃത്യങ്ങൾക്കു സാധ്യതയുണ്ടെന്ന പരാതി ഉയർന്നിട്ടുണ്ട്. ഈ സ്ഥലങ്ങളെ ബ്ലാക്ക് സ്പോട്ടുകളായി പരിഗണിച്ച് പോലീസ് 24 മണിക്കൂറും പ്രത്യേക നിരീക്ഷണം ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു. അതിഥി തൊഴിലാളികളെയാകെ കുറ്റവാളികളായി കാണേണ്ടതില്ലെന്നും അവരിൽ ചെറിയൊരു വിഭാഗമാണ് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതെന്നും മന്ത്രി പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ആലുവ റൂറൽ എസ്.പി വിവേക് കുമാർ, ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, സബ് കളക്ടർ പി. വിഷ്ണു രാജ്, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചിയിൽ സ്നേഹാമൃതം പ്രഭാത ഭക്ഷണ പദ്ധതിക്ക് തുടക്കം

**കൊച്ചി:** കൊച്ചി നിയോജകമണ്ഡലത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന അക്ഷരദീപം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ സ്നേഹാമൃതം പ്രഭാത ഭക്ഷണ പദ്ധതിയുടെ അഞ്ചാംപതിപ്പ് ബി.പി.സി. എൽ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ അഭയ് രാജ് സിംഗ് ഭണ്ഡാരി ഉദ്ഘാടനം ചെയ്തു.കെ.ജെ. മാക്സി എം.എൽ.എയുടെ നേതൃത്വത്തിൽ 2017 മുതൽ നടപ്പാക്കി വരുന്ന സ്നേഹാമൃതം പ്രഭാത ഭക്ഷണ പദ്ധതിയിലൂടെ 42 സ്കൂളുകളിലെ പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള 8440 വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നത്. ഭാരത് പെട്രോളിയം കമ്പനിയുടെ സിഎസ്ആർ പിന്തുണയോടെയാണ് കഴിഞ്ഞ നാലു വർഷമായി പദ്ധതി നടപ്പിലാക്കി വരുന്നത്.മട്ടാഞ്ചേരി ടി.ഡി.എൽ.പി.സ്കൂളിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കെ.ജെ മാക്സി എം.എൽ.എ അധ്യക്ഷത വഹിച്ചു. ഡിവിഷൻ കൗൺസിലർ രഘുറാം പൈ ജെ, എ.ഇ.ഒ എൻ സുധ, ബി.പി.സി.എൽ ചീഫ് മാനേജർ വിനീത് എൻ വർഗീസ്, സ്കൂൾ മാനേജർ പി അവിനാഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

അക്ഷരദീപം പദ്ധതിയുടെ ഭാഗമായി മികച്ച പ്രകടനം കാഴ്ചവെക്കുന്ന വിദ്യാർത്ഥികൾക്കുള്ള അക്ഷരദീപം പ്രതിഭാ പുരസ്കാര സമർപ്പണ ചടങ്ങ് ആഗസ്റ്റ് 5ന് നടക്കും. ഫോർട്ട്കൊച്ചി ഫാത്തിമ ഗേൾസ് ഹൈസ്കൂളിൽ പ്രൊഫ.എം.കെ.സാനുമാസ്റ്റർ പരിപാടി ഉദ്ഘാടനം ചെയ്യും. കെ. വി. തോമസ് മുഖ്യാഥിതിയാകും. ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് മുഖ്യപ്രഭാഷണം നടത്തും. നിയോജകമണ്ഡലത്തിലെ താമസക്കാരും എസ് എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കരസ്ഥമാക്കിയ 580 വിദ്യാർത്ഥികൾക്കാണ് പുരസ്കാരം നൽകുന്നത്.

# മാലിന്യ മുക്തമാകാനൊരുങ്ങി തിരുവാണിയൂർ

**കൊച്ചി:** മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാലിന്യമുക്ത പഞ്ചായത്താകാനൊരുങ്ങി തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ജനകീയ ഹരിത ഓഡിറ്റ് സഭ ചേർന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഭരണസമിതി സ്വീകരിച്ച നടപടികൾ ചർച്ച ചെയ്യുകയും തുടർപ്രവർത്തങ്ങളിൽ തീരുമാനം എടുക്കുകയും ചെയ്തു. ക്യാമ്പയിന്റെ അടിയന്തരഘട്ട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ നിരവധി പ്രവർത്തങ്ങളാണ് നടപ്പാക്കിയത്.പൊതുയിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു.

പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രവർത്തകർ, വാർഡ് തല ശുചിത്വ ആരോഗ്യ പോഷണ സമിതി പ്രവർത്തകർ, ആശാ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, ബാലസഭാ അംഗങ്ങൾ, സാംസ്കാരിക സംഘടനകളുടെ സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.പഞ്ചായത്തിലെ സ്വകാര്യ കിണറുകളിൽ ക്ലോറിനേഷൻ നടത്തി. പഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ അജൈവമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണവും തരംതിരിക്കലും ഉർജ്ജിതമാക്കി. ഹരിത കർമ്മ സേനക്ക് ആവശ്യമായസുരക്ഷാ ഉപാധികൾ, ഇൻഷുറൻസ് പരിരക്ഷ, വാഹനസൗകര്യം എന്നിവ ലഭ്യമാക്കി. പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നു. മാലിന്യ സംസ്കരണ പ്രവർത്തങ്ങളെ ശക്തിപ്പെടുത്താൻ നിരവധി പദ്ധതികൾ തുടർന്നും പഞ്ചായത്തിൽ നടപ്പാക്കും. ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ബയോബിൻ വിതരണം ചെയ്യും. ആദ്യഘട്ടമെന്ന നിലയിൽ കൊച്ചിൻ റിഫൈനറിയുടെ സാമൂഹിക പ്രതിബദ്ധത ഫണ്ടിലൂടെ 1000 പേർക്കാണ് ബയോ ബിൻ വിതരണം ചെയ്യുക. കൂടാതെ മാലിന്യനിക്ഷേപം തടയുന്നതിനായി നിരീക്ഷണക്യാമറകൾ സ്ഥാപിക്കും.

## സൗജന്യ പരീക്ഷാപരിശീലനം

**കൊച്ചി:** ആലുവ സബ് ജയിൽ റോഡിൽ സ്ഥിതി ചെയ്യുന്ന ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു അടിസ്ഥാന യോഗ്യതയാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷക്കുള്ള സൗജന്യ പരിശീലന ക്ലാസ്സുകൾക്കായി അപേക്ഷ സ്വീകരിക്കുന്നു. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം, എന്നിവയുടെ സർട്ടിഫിക്കറ്റ് സഹിതം ആഗസ്റ്റം 10ന് മുൻപ് ഈ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

# ’ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ ’ കൊച്ചിയിൽ




**കൊച്ചി:** ’ഹോസ്പെക്സ് ഹെൽത്ത് കെയർ എക്സ്പോ 2023’സെപ്റ്റംബർ 15 മുതൽ 17 വരെ കൊച്ചി കളമശ്ശേരിയിലുള്ള സംറ ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ നടക്കും.മേളയുടെ രണ്ടാം എഡീഷനാണിത്. തൃത്വം ഇന്റഗ്രിസാണ് എക്സ്പോയുടെ സംഘാടകർ.ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ്, എഐഎംഇഡി, മറ്റ് മെഡിക്കൽ അസോസിയേഷനുകൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവയുടെ സജീവ പങ്കാളിത്ത മുണ്ടാവും. എം എസ് എം ഇ വകുപ്പിന്റെ സാമ്പത്തിക പിന്തുണ എക്സിബിറ്റർ സ്റ്റാൾ ചെലവുകളുടെ 80 ശതമാനം വരെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് റീഫണ്ട് ചെയ്യുന്ന സാഹചര്യമൊരുക്കും. ’ഹെൽത്ത് കെയറിന്റെ ഭാവി: ഡിജിറ്റൽ, ഡിവൈസസ്, ഡയഗ്നോസ്റ്റിക്സ് ’എന്നതാണ് മേളയുടെ പ്രമേയം. അതിനൂതനമെഡിക്കൽ ഉപകരണങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവയിലൂടെ സംസ്ഥാനത്തെ ആശുപത്രികളുകയും, ആരോഗ്യ രംഗത്തേയും പരിഷ്കരിക്കാനാണ് ഇത് ലക്ഷ്യമിടുന്നത്. മെഡിക്കൽ ടെക്നോളജിഡയഗ്നോസ്റ്റിക്, സർജിക്കൽ, ഉൽപന്നങ്ങൾ, നവീകരണങ്ങൾ, എന്നിവയെല്ലാം പ്രദർശിപ്പിക്കാനുള്ള വേദിയാണിത്. ആശുപത്രികൾ, വൈദ്യോപകരണ നിർമ്മാതാക്കൾ, സ്റ്റാർട്ടപ്പുകൾ, വിവിധ വിതരണക്കാർ, മെഡിക്കൽ രംഗത്തെ പങ്കാളികൾ എന്നിവ ഒരു കുടക്കീഴിൽ അണിനിരക്കും,’ തൃത്വം മാനേജിംഗ് ഡയറക്ടറും ഐ.എം.എ മുൻ പ്രസിഡന്റുമായ ഡോ ജോൺ സെബാസ്റ്റ്യൻ നിവിൻ പറഞ്ഞു.പ്രദർശകർക്ക് ബ്രാൻഡ് അവബോധം വർദ്ധിപ്പിക്കാനും പുതിയ ലീഡുകൾ സൃഷ്ടിക്കാനും ബിസിനസ് വളർത്താ നും വിതരണക്കാരെ കാണാനും അവസരം ലഭിക്കും.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും : ഠഠഠ.വീുെലഃ.ശി മെയിൽ ൃലമരവ@വീുെലഃ.ശി അല്ലെങ്കിൽ 95445 25000/ 9747397818 എന്ന നമ്പറിൽ ബന്ധപ്പെടാം. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നുള്ള നയ രൂപീകരണ പ്രതിനിധികൾ , സയന്റിഫിക് കമ്മിറ്റി അംഗങ്ങൾ, മെഡിക്കൽ റിസർച്ച് . സംഘടനാ ഉദ്യോഗസ്ഥർ, വിവിധ മെഡിക്കൽ ഉപകരണ കമ്പനി തലവൻമാർ, ഉന്നത ഉദ്യോഗസ്ഥർ, ആരോഗ്യ ഇൻഷുറൻസ് കമ്പനികൾ, ഹെൽത്ത് കെയർ ടൂറിസം, ഹെൽത്ത് ടെക് കമ്പനികൾ, ഫാർമ, ഡയഗ്നോസ്റ്റിക് കമ്പനികൾ, പ്രമുഖ ആശുപത്രി ഡയറക്ടർമാർ എന്നിവർ പങ്കെടുക്കും. മൂന്ന് ദിവസങ്ങളിലായി ശിൽപശാലകളും ശാസ്ത്ര സെഷനുകളും നടക്കും. സ്മാർട്ട് ഹോസ്പിറ്റൽ ; സ്മാർട്ട് ഡയഗ്നോസ്റ്റിക് കോൺഫറൻസുകൾ, ഫീവർ കോൺക്ലേവ് , എഎംആർ വർക്ക്ഷോപ്പ്, ഹോസ്പിറ്റലിനും ക്ലിനിക്കിനുമുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് വർക്ക്ഷോപ്പ്, പർച്ചേസ്, പ്രൊക്യൂർമെന്റ് വർക്ക്ഷോപ്പ്, സ്റ്റാർട്ടപ്പ്, എംഎസ്എംഇ സെഷനുകൾ, ഡിജിറ്റൽ ഹെൽത്ത്, ആ2ആ ലോഞ്ച് തുടങ്ങിയവ പ്രധാന ആകർഷണങ്ങളാണ്.തൃത്വം ഇന്റഗ്രിസിന്റെ ഡയറക്ടർമാരായ ഡോ.അരുൺ കൃഷ്ണ, ഡോ.മിഥുൻ രാജു, സ്ട്രാറ്റജിക് പാർട്ട്ണർ മാധവൻ കുട്ടി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# കണ്ണൂർ കിൻഫ്ര പാർക്കിൽ ഇ സ്കൂട്ടർ നിർമാണ യൂണിറ്റ്; ലോർഡ്സ് മാർക്കും കെഎഎല്ലും കരാറൊപ്പിട്ടു

**തിരുവനന്തപുരം:** കണ്ണൂർ കിൻഫ്ര പാർക്കിൽ ഇ സ്കൂട്ടർ നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അന്തിമ കരാറിൽ പൊതുമേഖലാ സ്ഥാപനമായ കേരളാ ഓട്ടോമൊബൈൽസും (കെഎഎൽ) മുബൈ കേന്ദ്രമായ ലോർഡ്സ് മാർക് ഇൻഡസ്ട്രസ് ലിമിറ്റഡും ഒപ്പുവെച്ചു. കണ്ണൂർ കിൻഫ്ര പാർക്ക് കേരള സർക്കാർ നൽകുന്ന രണ്ടേക്കർ സ്ഥലത്ത് സ്ഥാപിക്കുന്ന പ്ലാന്റിന്റെ നിർമ്മാണം 6 മുതൽ 8 മാസത്തിനകം ആരംഭിക്കുമെന്ന് ചടങ്ങിൽ വ്യവസായ മന്ത്രി പി രാജീവ് അറിയിച്ചു. ആധുനിക ഇലക്ട്രിക് സ്കൂട്ടറുകളും ബൈക്കുകളും മുച്ചക്ര യാത്രാ കാരിയർ വാഹനങ്ങളുമാണ് ലോർഡ്സ് മാർക്കിന്റെ സഹായത്തോടെ ഇവിടെ നിർമിക്കുക.ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നവീന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ട്രൈടൺ ഇലക്ട്രിക് സൈക്കിൾ അടുത്ത ഒക്ടോബർ 2 ന് തിരുവനന്തപുരത്തെ കെഎഎൽ ഫാക്ടറിയിൽ നിന്ന് പുറത്തിറങ്ങുമെന്ന് കെഎഎൽ ചെയർമാൻ സ്റ്റാൻലി പുല്ലുവിള പറഞ്ഞു. ഉയർ നിലവാരത്തിലുള്ള സ്റ്റീൽ ഉപയോഗിച്ച് നിർമ്മിക്കുന്ന ട്രൈടൺ സൈക്കിളുകൾക്ക് കൂടുതൽ ഭാരം വഹിക്കാൻ കെൽപ്പുണ്ട്. ശക്തമായ 12 ആംപിയർ ബാറ്ററി 7080 കിലോമീറ്റർ നൽകും. 250 വാട്സിന്റെ ഹബ്ബ് മോട്ടോറാണ് ഉപയോഗിക്കുന്നത്. ഇരു കമ്പനികളുടേയും വൈദഗ്ധ്യത്തിന്റെ മികച്ച ഉൽപന്നമായ ട്രൈടൺ ഇലക്ട്രിക് സൈക്കിൾ പരിസ്ഥിതി സൗഹൃദ ഗതാഗത രംഗത്ത് വിപൽവകരമായ മാറ്റം സൃഷ്ടിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ലോർഡ്സ് മാർക്കിനെപ്പോലെ മികവുറ്റ കമ്പനിയുമായി പങ്കാളിത്തമുണ്ടാക്കുന്നതിലൂടെ ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് കുതിപ്പുണ്ടാക്കാൻ കഴിയുമെന്നും ഹരിത ഗതാഗത രംഗത്ത് സംസ്ഥാനത്തിന് മുൻനിരയിലെത്താൻ



സാധിക്കുമെന്നും സ്റ്റാൻലി പുല്ലുവിള പറഞ്ഞു. ഇലക്ട്രിക് വാഹന രംഗത്തെ കമ്പനിയുടെ വൈദഗ്ധ്യവും വാഹന നിർമ്മാണ രംഗത്തെ കെഎഎല്ലിന്റെ പ്രാഗത്ഭ്യവും ചേർന്ന് ഏറ്റവും പുതിയ സാങ്കേതിക വിദ്യയിൽ നിർമ്മിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾ നഗരഗതാഗതത്തിന് പുതുരൂപം നൽകുകയും കാർബൺ ഉപയോഗം കുറയ്ക്കുകയും ചെയ്യുമെന്ന് ലോർഡ്സ് മാർക് ഇൻഡസ്ട്രീസ് സ്ഥാപകനും എംഡിയുമായ സച്ചിദാനന്ദ് ഉപാധ്യായ് പറഞ്ഞു. ഇലക്ട്രിക് വാഹന വിപണിയിൽ സമീപ കാലത്ത് വൻ കുതിപ്പാണുണ്ടായിട്ടുള്ളത്. 2018 മുതൽ 2023 വരെ ഇരുചക്ര ഇലക്ട്രിക് വാഹനങ്ങളുടെ വിൽപനയിൽ 40 ഇരട്ടി വർധനയുണ്ടായി. ഈ അനുകൂല സാഹചര്യം ഗുണപരമായി പ്രയോജനപ്പെടുത്താനാണ് ലോർഡ്സ് മാർക്ക് ഇൻഡസ്ട്രീസ് ,കെഎഎൽ സംയുക്ത സംരംഭം ശ്രമിക്കുന്നത്.കെഎഎൽ മാനേജിംഗ് ഡയറക്ടർ ശശീന്ദ്രൻ, കെഎഎൽ ലോർഡ്സ് മാർക് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കൊമേഴ്സ്യൽ ഡയറക്ടർ ഡോ.സുനിൽ വാമൻ കൊർഗാവൊങ്കർ, ടെക്നിക്കൽ ഡയറക്ടർ വിദിത് തിവാരി എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ തിളങ്ങി ഇന്ത്യൻ കായിക താരങ്ങൾ

**കൊച്ചി:** വിവിധ മേഖലകളിൽ നിന്നുള്ള ചാംപ്യന്മാരുടെ തിളക്കമാർന്ന വിജയഗാഥ അവതരിപ്പിച്ച് 2023ലെ ലിംക ബുക്ക് ഓഫ് റെക്കോർഡ്സ്. സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തോട് അനുബന്ധിച്ചാണ് രുക്മത് എന്ന് പേരിട്ടിരിക്കുന്ന പ്രത്യേക പതിപ്പ് പുറത്തിറക്കിയിരിക്കുന്നത്. പുരുഷന്മാരുടെ എയർ റൈഫിളിൽ ലോക ചാംപ്യൻ പട്ടം, 105 വയസുകാരി ദേശീയ ഓപ്പൺ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ 100 മീറ്റർ ഓട്ടത്തിൽ സ്വർണ്ണം നേടിയത്, തോമസ് കപ്പിലെ ഇന്ത്യയുടെ ആദ്യ സുവർണ നേട്ടം, വനിതാ ക്രിക്കറ്റിൽ വ്യക്തിഗത 7000 റൺസ്, പോൾ വോൾട്ടിൽ ദേശീയ റെക്കോർഡ് , പുരുഷന്മാരുടെ 35 കിലോമീറ്റർ റേസ് ദേശീയ റെക്കോർഡ് എന്നീ നേട്ടങ്ങളാണ് രേഖപെടുത്തപ്പെട്ടിരിക്കുന്നത്.

# നെല്ല് സംഭരണം: മില്ലുടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു




**കൊച്ചി:** 2023-24 സീസണിലേക്ക് സപ്ലൈക്കോക്ക് വേി കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് , സംസ്കരിച്ച് അരിയാക്കുവാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ മില്ലുടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.അപേക്ഷകർക്ക് ഈ രംഗത്ത് ചുരുങ്ങിയത് 3 വർഷത്തെ പ്രവർത്തന പരിചയം ഉായിരിക്കണം. സപ്ലൈക്കോ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും അനുസരിച്ച് പ്രവർത്തിക്കേതാണ്. ഒരു കിന്റൽ നെല്ല് സംഭരിച്ച് അരിയാക്കി, കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ചണ ചാക്കിൽ നിറച്ചു തിരികെ തരുന്നതിന് 202 രൂപയാണ് മില്ലുകൾക്ക് നൽകുന്നത് . താൽപ്പര്യമുള്ള മില്ലുടമകൾ തങ്ങളുടെ അപേക്ഷകൾ 2023 ആഗസ്റ്റ് 10 മുതൽ ആഗസ്റ്റ് 30 വരെ സപ്ലൈക്കോ ഹെഡ് ഓഫീസിൽ നൽകേതാണ് . വിശദവിവരങ്ങൾ സപ്ലൈക്കോയുടെ www.supplycopaddy.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ് .

## ’ഇലക്ട്രോണിക്സിലും കംപ്യൂട്ടേഴ്സിലും ഇന്ത്യയുടെ ഭാവി’ : സിമ്പോസിയത്തിന് രജിസ്ട്രേഷൻ ആരംഭിച്ച് ഐഐടി മദ്രാസ്

**കൊച്ചി:** ഐഐടി മദ്രാസും ഐഐടിഎം പ്രവർത്തക് ടെക്നോളജീസ് ഫൗഷേനും ചേർന്നു നടത്തുന്ന സിമ്പോസിയത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ’ആർഐഎസ് സി വി യിലൂടെ ഇന്ത്യയിലെ ഇലക്ട്രോണിക്സിന്റെ ഭാവി’എന്ന വിഷയത്തിൽ നടത്തുന്ന ’ഡിജിറ്റൽ ഇന്ത്യ ആർഐഎസ് സിവി’ സിമ്പോസിയത്തിലേക്ക് വിദ്യാർത്ഥികൾ, വ്യവസായ പ്രൊഫഷണലുകൾ, ഗവേഷകർ എന്നിവർക്ക് അപേക്ഷിക്കാം. ചെന്നൈയിലെ തരമണിയിലുള്ള ഐഐടി മദ്രാസ് റിസർച്ച് പാർക്കിൽ 2023 ഓഗസ്റ്റ് 6നാണ് പരിപാടി.ഓപ്പൺ സ്റ്റാൻഡേർഡ് സഹകരണത്തിലൂടെ പ്രോസസർ ഡിസൈൻ നവീകരണത്തിന്റെ ഒരു പുതിയ യുഗത്തെ പ്രാപ്തമാക്കുന്ന ആർ ഐ എസ് സി വി ഡിസൈനിനെ അടിസ്ഥാനമാക്കി അത്യാധുനിക പ്രോസസറുകൾ രൂപകൽപ്പന ചെയ്യുന്ന മുൻനിര കമ്പനികളിൽ ജോലി ചെയ്യാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ’ആർ ഐ എസ് സി വി ഐ എസ് എ (ഇൻസ്ട്രക്ഷൻ സെറ്റ് ആർക്കിടെക്ചർ) യിലെ വൈദഗ്ദ്ധ്യം പ്രധാനമാണ്. ഇത്തരത്തിൽ ഇന്ത്യയിൽ വളരുന്ന ആർ ഐ എസ് സി വി ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നേടുന്നതിനുള്ള നല്ലൊരു വേദിയായ ഈ പരിപാടിയിൽ പരിമിതമായ സീറ്റുകൾ മാത്രമാണുള്ളത്.ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ, ഐഐടി മദ്രാസ് ഡയറക്ടർ പ്രൊഫ. വി. കാമകോടി എന്നിവരും മറ്റ് പ്രമുഖ വ്യക്തികളും പരിപാടിയെ അഭിസംബോധന ചെയ്യും.
https://pravartak.org.in/dirv_tech_confluence_registration എന്ന ലിങ്ക് ഉപയോഗിച്ച് താൽപ്പര്യമുള്ളവർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

# വാംസി മെർള സ്പോർട്സ് ഫൗണ്ടേഷന് ഭാരത് കെ അൻമോൾ പുരസ്കാരം




**കൊച്ചി:** ഭാരത് കെ അൻമോൾ പുരസ്കാരം നേടുന്ന ആദ്യ കായിക സംഘടനയായി വാംസി മെർള ഫൗഷേൻ. ന്യൂഡൽഹിയിലെ ഡോ. അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ നടന്ന ചടങ്ങിൽ ഫൗഷേൻ ചെയർമാൻ വാംസി മെർള പുരസ്കാരം ഏറ്റുവാങ്ങി. ഫുട്ബോൾ, റോളർ സ്കേറ്റിങ്, കബഡി, ബാഡ്മിന്റൺ, മോട്ടോർ സ്പോർട്സ് തുടങ്ങി നിരവധി കായിക ഇനങ്ങളിൽ കഴിവുള്ള, സാമ്പത്തിക വെല്ലുവിളി നേരിടുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും പിന്തുണച്ചതിനാണ് ഹൈദരാബാദ് ആസ്ഥാനമായുള്ള വാംസി മെർള സ്പോർട്സ്ഫൗഷേൻ ഈ വിശിഷ്ട പുരസ്കാരത്തിന് അർഹരായത്. സമൂഹത്തിനും അവശത അനുഭവിക്കുന്നവർക്കും മികച്ച സേവനം ചെയ്യുന്ന ഇന്ത്യയിലെ പ്രമുഖ വ്യക്തികളെ അംഗീകാരം നൽകുന്ന ദേശീയ പുരസ്കാരങ്ങളിൽ ഒന്നാണിത്. ഡോ വിജയകുമാർ ഷാ (സാമൂഹിക പ്രവർത്തകൻ), ഡോ. ടി.എസ് റാവു (വാക്സിനുകളുടെ പിതാവ്), ഡോ എസ്.എം ഖാൻ (ദൂരദർശൻ ഡയറക്ടർ ജനറൽ, ന്യൂസ്), എയർ കമ്മഡോർ റാഷിദ് സഫർ ഖുറേഷി (കാർഗിൽ വെറ്ററൻ), മിർ മോത്തേഷാം (മുൻ മിസ്റ്റർ വേൾഡ് വെള്ളി ജേതാവ്), ചന്ദ്രകലാ പാഡിയ എന്നിവരായിരുന്നു ആദരിക്കപ്പെട്ട മറ്റു വ്യക്തിത്വങ്ങൾ.

# സമ്പൻ അവതരിപ്പിച്ച് ആക്സിസ് ബാങ്ക്




**കൊച്ചി:** ഗ്രാമീണ, അർധ നഗര മേഖലകളിലെ ഉപഭോക്താക്കൾക്കായി ആക്സിസ് ബാങ്ക് പ്രീമിയം ബാങ്കിങ് സേവനമായ സമ്പൻ അവതരിപ്പിച്ചു. കാർഷിക ഉപകരണങ്ങൾ, കീടനാശിനികൾ, വിത്തുകൾ എന്നിവയ്ക്ക് കിഴിവും വിള ഉപദേശം, കാലാവസ്ഥാ പ്രവചനം, വിലനിലവാരം എന്നിവയെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന സേവനങ്ങളും സമ്പന്നിലൂടെ ലഭ്യമാക്കും.കാർഷിക വായ്പകൾ, സ്വർണ വായ്പകൾ, ട്രാക്ടർ ഫിങ്, വാഹന, ഇരുചക്ര വാഹന വായ്പകൾ തുടങ്ങിയവയുടെ പ്രോസസ്സിങ് ഫീസിൽ ഇളവ് അടക്കമുള്ള നേട്ടങ്ങളും ഇതിലൂടെ ലഭിക്കും.അർധ നഗരങ്ങളിലും ഗ്രാമങ്ങളിലും താമസിക്കുന്നവർക്ക് പ്രീമിയം ബാങ്കിങ് സേവനങ്ങൾ ലഭ്യമാക്കാനാണ് സമ്പൻ അവതരിപ്പിക്കുന്നതിലൂടെ തങ്ങൾ ശ്രമിക്കുന്നതെന്ന് ആക്സിസ് ബാങ്ക് ഭാരത് ബാങ്കിങ് മേധാവിയും, ഗ്രൂപ്പ് എക്സിക്യൂട്ടീവുമായ മുനിഷ് ഷർദ്ധ പറഞ്ഞു.

# ഒന്നാംവിള നെല്ല് സംഭരണം : കർഷക രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** സപ്ലൈക്കോ വഴി നടപ്പിലാക്കപ്പെടുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2023 24 ഒന്നാംവിള സീസണിലെ ഓൺലൈൻ കർഷക രജിസ്ട്രേഷൻ ആരംഭിച്ചു .കർഷകർ സപ്ലൈക്കോയുടെ നെല്ല് സംഭരണ ഓൺലൈൻ വെബ് പോർട്ടൽ ആയ www.supplycopaddy.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് കർഷക രജിസ്ട്രേഷൻ നടത്തണം.നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിച്ച്കൊണ്ടുവേണം കർഷകർ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യേണ്ടത്. ഒക്ൾടോബർ 31 ആണ് അവസാന തീയതി. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും വ്യവസ്ഥകളും www.supplycopaddy.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# ലുലു ഗ്രൂപ്പ് സമുദ്രോത്പന്ന കയറ്റുമതി കേന്ദ്രം ആരംഭിക്കുന്നു



**കൊച്ചി:** കേരളത്തിൽ ലുലു ഗ്രൂപ്പിന്റെ സമുദ്രോത്പന്ന സംസ്കരണ കയറ്റുമതി കേന്ദ്രം ഉദ്ഘാടനത്തിനായി തയ്യാറെടുക്കുന്നു. കൊച്ചിക്കടുത്ത് അരൂരിലാണ് 150 കോടി രൂപ മുതൽ മുടക്കിൽ നൂറു ശതമാനം കയറ്റുമതി ലക്ഷ്യമാക്കിയുള്ള അത്യാധുനിക കേന്ദ്രം സ്ഥിതിചെയ്യുന്നത്.സമുദ്ര വിഭവങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യുന്നതിനോടൊപ്പം സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉല്പന്നങ്ങളുടെ കയറ്റുമതിയും കമ്പനി ലക്ഷ്യമിടുന്നുണ്ട്. മൂല്യവർധിത ഉത്പന്നങ്ങൾക്കായി മാത്രം പ്രത്യേക യൂണിറ്റുമുണ്ട്. ഡെന്മാർക്കിൽ നിന്നും അത്യാധുനിക മെഷിനറികളാണ് ഇതിനായി ഇറക്കുമതി ചെയ്തിട്ടുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ നേരിട്ടും അല്ലാതെയും 800 ലധികം ആളുകൾക്കാണ് പുതുതായി തൊഴിൽ ലഭ്യമാകുന്നത്. രണ്ട് യൂണിറ്റുകളിലുമായി മാസം 2,500 ടൺ സമുദ്രോത്പന്നങ്ങൾ സംസ്കരിച്ച് കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, ഇന്തോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിലുള്ള ലുലു ഹൈപ്പർ മാർക്കറ്റുകളാണ് പ്രധാന വിപണി. കൂടാതെ യൂറോപ്പ്, യു.കെ. യു.എസ്., ജപ്പാൻ, കൊറിയ, ചൈന എന്നിവിടങ്ങളിലേക്കും കയറ്റുമതി ലക്ഷ്യമിടുന്നുണ്ടെന്നും ജനറൽ മാനേജർ അനിൽ ജലധരൻ പറഞ്ഞു.ലുലു ഗ്രൂപ്പിന്റെ കയറ്റുമതി ഡിവിഷനായ ഫെയർ എക്സ്പോർട്സ് ഇന്ത്യ ഇക്കഴിഞ്ഞ മാർച്ചിൽ അവസാനിച്ച 2022 2023 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നും 6,200 കോടി രൂപയുടെ പഴം പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ, മത്സ്യ മാംസവിഭവങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളാണ് വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തത്. ഇതിൽ കേരളത്തിൽ നിന്നുള്ള വിഹിതം 560 കോടി രൂപയുടെ ഉത്പ്പന്നങ്ങളാണ്.202324 സാമ്പത്തിക വർഷത്തിൽ പഴം പച്ചക്കറികൾ, സുഗന്ധവ്യഞ്ജനങ്ങൾ, മത്സ്യ മാംസവിഭവങ്ങൾ ഉൾപ്പെടെ 10,000 കോടി രൂപയുടെ കയറ്റുമതിയാണ് ഫെയർ എക്സ്പോർട്സ് ഇന്ത്യയിൽ നിന്നും ലക്ഷ്യമിടുന്നതെന്ന് ഫെയർ എക്സ്പോർട്സ് സി.ഇ.ഒ നജിമുദ്ദീൻ ഇബ്രാഹിം പറഞ്ഞു. അരൂരിനു ശേഷം തെലങ്കാന സംസ്ഥാനത്തും അത്യാധുനിക രീതിയിലുള്ള ഉൾനാടൻ മത്സ്യ വിഭവ സംസ്കരണ കേന്ദ്രം ആരംഭിക്കാനും ലുലു ഗ്രൂപ്പിന് പദ്ധതിയുണ്ട്. ഹൈദരാബാദിലെ ലുലു മാൾ ഉദ്ഘാടന പ്രഖ്യാപനത്തോടനുബന്ധിച്ച് തെലങ്കാന വ്യവസായ ഐടി മന്ത്രി കെ.ടി. രാമറാവുമായി നടത്തിയ ചർച്ചയെ തുടർന്നാണിത്.

# സൗത്ത് ഇന്ത്യൻ ബാങ്ക് 'എസ് ഐ ബി എക്സിം' കറന്റ് അക്കൗണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഇറക്കുമതി, കയറ്റുമതി ബിസിനസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉപഭോക്താക്കൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് എസ്ഐബി എക്സിം കറന്റ് അക്കൗണ്ട് അവതരിപ്പിച്ചു. 15,000 ഡോളറിനു തുല്യമായ ഇടപാടുകൾ (ക്യൂഎഫ്ടി) നടത്തുന്നവർക്ക് എസ് ഐ ബി എക്സിം സിൽവർ, 50,000 ഡോളറിനു തുല്യമായ ഇടപാടുകൾ (ക്യൂഎഫ്ടി) നടത്തുന്നവർക്ക് എസ് ഐ ബി എക്സിം ഗോൾഡ് എന്നിങ്ങനെ രണ്ട് ഇനം കറന്റ് അക്കൗണ്ട് സേവനം ലഭ്യമാണ്.വ്യാപാര സാമ്പത്തിക ഇടപാടുകൾക്ക് ആകർഷകമായ നിരക്കുകളാണ് എസ്ഐബി എക്സിം കറന്റ് അക്കൗണ്ട് നൽകുന്നത്. പരിധികളില്ലാത്ത സൗജന്യ ഡിജിറ്റൽ നെഫ്റ്റ്/ആർടിജിഎസ് ഇടപാടുകൾ, എസ്ഐബി ശാഖകളിൽ നിന്ന് പരിധിയില്ലാതെ പണം പിൻവലിക്കാനുള്ള സൗകര്യം, മുൻമാസത്തെ എഎംബിയുടെ 15 ഇരട്ടി വരെ സൗജന്യ ക്യാഷ് ഡെപോസിറ്റ്, സൗജന്യ ഇന്റർനാഷനൽ ഡെബിറ്റ് കാർഡ് തുടങ്ങി ഒട്ടേറെ സൗജന്യങ്ങളും ഈ കറന്റ് അക്കൗണ്ടിനൊപ്പം ലഭിക്കും.നേരത്തെ എസ്ഐബി ടിഎഫ് ഓൺലൈൻ എന്ന പേരിൽ 24 മണിക്കൂർ കോർപറേറ്റ് ഇന്റർനെറ്റ് ബാങ്കിങ് സൗകര്യത്തോടെയുള്ള വ്യാപാര സാമ്പത്തിക ഇടപാടുകൾക്കുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം സൗത്ത് ഇന്ത്യൻ ബാങ്ക് അവതരിപ്പിച്ചിരുന്നു. ഐസ്ഗേറ്റ് പോർട്ടൽ വഴി കസ്റ്റംസ് തീരുവ ശേഖരിക്കുന്നതിനുള്ള ഏജൻസി ബാങ്കായും സൗത്ത് ഇന്ത്യൻ ബാങ്കിനെ ആർബിഐ അംഗീകരിച്ചിട്ടുണ്ട്.അന്താരാഷ്ട്ര വ്യാപാര ആവശ്യങ്ങൾ നിറവേറ്റാൻ പുതിയ കറന്റ് അക്കൗണ്ട് സേവനം ഉപഭോക്താക്കൾക്ക് ഏറെ സഹായകമാകും. ആഗോള വിപണിയിൽ വിജയിക്കാനാവശ്യമായ വിഭവങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രതിജ്ഞാബദ്ധതയ്ക്കുള്ള തെളിവാണിതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് ഇവിപിയും ചീഫ് ബിസിനസ് ഓഫീസറുമായ തോമസ് ജോസഫ് പറഞ്ഞു.

SOUTH INDIAN Bank
EXPERIENCE NEXT-GEN BANKING

# കേരളത്തിൽ ട്രൈബൽ ആർട്ടിസാൻ എംപാനൽമെന്റ് മേളകൾ നടത്തും

**കൊച്ചി :** ട്രൈബൽ കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (TRIFED) കേരളത്തിൽ ട്രൈബൽ ആർട്ടിസാൻ എംപാനൽമെന്റ് മേളകളുടെ പരമ്പര സംഘടിപ്പിക്കും. പ്രതിഭാധനരായ ആദിവാസി കരകൗശല തൊഴിലാളികളെ എംപാനൽ ചെയ്യാനും അവരുടെ അനിതരസാധാരണമായ കരകൗശല വൈദഗ്ദ്ധ്യത്തിന് അംഗീകാരം നൽകാനും മേളകൾ വേദിയാകും. തദ്ദേശീയ സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനും അവരുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനുമുള്ള TRIFEDന്റെ ശ്രമങ്ങളുടെ ഭാഗമാണ് മേളകൾ സംഘടിപ്പിക്കുന്നത്.ഇടുക്കി ജില്ലയിലെ മറയൂർ, തേക്കടി, തൃശൂർ ജില്ലയിലെ ചാലക്കുടി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ മീനങ്ങാടി, സുൽത്താൻ ബത്തേരി ഉൾപ്പെടെ കേരളത്തിലെ വിവിധ സ്ഥലങ്ങളിലാണ് മേളകൾ സംഘടിപ്പിക്കുന്നത്. ഗോത്രവർഗ ജനസംഖ്യ കണക്കിലെടുത്താണ് സ്ഥലങ്ങൾ തിരഞ്ഞെടുത്തത്. ഇന്നു മുതൽ 12 വരെയാണ് മേളകൾ.കാട്ടുനായകൻ, ചോലനായ്ക്കർ, ഹിൽപുലയ, മലയരയർ, മലയർ, കാടർ, കുറുമ്പർ തുടങ്ങിയ പ്രമുഖ ഗോത്രവിഭാഗങ്ങളുടെ വിപുലമായ പങ്കാളിത്തത്തിന് മേളകൾ സാക്ഷ്യം വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തങ്ങളുടെ അസാധാരണമായ കലാവൈഭവം, അതുല്യമായ പാരമ്പര്യങ്ങൾ, ശ്രദ്ധേയമായ നൈപുണ്യങ്ങൾ എന്നിവ പ്രദർശിപ്പിക്കും. കരകൗശല മേഖലയിലെ ഡിസൈനർമാർ,



കയറ്റുമതി സ്ഥാപനങ്ങൾ, ബന്ധപ്പെട്ട പങ്കാളികൾ തുടങ്ങിയവരുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള അവസരങ്ങൾ, സ്ഥായിയായ പിന്തുണ, വിപണി പ്രവേശനം എന്നിവ എംപാനൽമെന്റ് പ്രക്രിയയിലൂടെ സുഗമമാകും.നൈപുണ്യ വികസന പരിശീലന പരിപാടികളിലൂടെ ഗോത്ര ഉത്പന്നങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എംപാനൽമെന്റ് ആദിവാസി കരകൗശല തൊഴിലാളികളെ സഹായിക്കും. വിപണികളിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കുന്നതിന് സഹായിക്കുകയും ഓൺലൈൻ, ഓഫ്ലൈൻ മാർഗ്ഗങ്ങളിലൂടെ ദേശീയ അന്തർദേശീയ വിപണി ബന്ധങ്ങൾ പ്രയോജനപ്പെടുത്താനാവുകയും ചെയ്യും.കൈകൊണ്ട് നെയ്ത തുണിത്തരങ്ങൾ, സങ്കീർണ്ണമായ ആഭരണങ്ങൾ, ഗംഭീരമായ മരപ്പണികൾ, വിശിഷ്ടമായ മൺപാത്രങ്ങൾ, വിസ്മയിപ്പിക്കുന്ന ചിത്ര രചനകൾ എന്നിവയുൾപ്പെടെ ആദിവാസികളുടെ വ്യതിരിക്തമായ സ്വത്വവും സാംസ്കാരിക മുദ്രയും പ്രതിഫലിപ്പിക്കുന്ന ഗോത്ര കലാരൂപങ്ങളുടെ ഒരു നിരയാകും മേളകളിൽ പ്രദർശിപ്പിക്കുന്നത്.

# എൻക്രസ്റ്റഡ് ഇനി അജിയോയിൽ മാത്രം




കൊച്ചി/ മുംബൈ: പാശ്ചാത്യ ഡിസൈനർ വസ്ത്ര ശേഖരത്തിന് പേരുകേട്ട, വിഖ്യാത ഫാഷൻഗുരു ദീപ ചികർമനെയുടെ ഡിസൈനർ ബ്രാൻഡായ എൻക്രസ്റ്റഡ് ഇനി അജിയോയിൽ മാത്രം ലഭ്യമാകും.ഇന്ത്യൻ നെയ്ത്തുക്കാരുടെ കരവിരുതിനൊപ്പം ഫാഷനും ഗ്ലാമറും സമന്വയിപ്പിച്ചുകൊ്, എൻക്രസ്റ്റഡ് ഇന്ത്യൻ ഫാഷൻ രംഗത്ത് പുതിയ ട്രെൻഡുകൾ അവതരിപ്പിക്കും..മികച്ച തുണിത്തരങ്ങൾ ഉപയോഗിച്ച് മനോഹരമായി രൂപകൽപ്പന ചെയ്തതും മികച്ച നെയ്ത്ത് സവിശേഷതകൾ ഉള്ളതമായ എൻക്രസ്റ്റഡ് ഉയർന്ന മൂല്യമുള്ള അന്തർദേശീയ വസ്ത്ര ബ്രാൻഡാണ്.ലോകമെമ്പാടുമുള്ള ഗ്ലോബൽ ഫാഷൻ ഹൗസുകൾക്കായി ഡിസൈനർ വസ്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിൽ ര് പതിറ്റാിലേറെക്കാലത്തെ അനുഭവത്തിൽ നിന്നാണ് ദീപ ചികർമനെ തന്റെ സർഗ്ഗാത്മക പ്രതിഭയെ ഇന്ത്യയിലേക്ക് കൊുവരുന്നത്. 2015ൽ, ആഡംബര ഡിസൈനർ വസ്ത്രങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ദീപയുടെ കാഴ്ചപ്പാടിൽ നിന്നാണ് എൻക്രസ്റ്റഡ് എന്ന ബ്രാൻഡ് പിറന്നത്. ടോപുകൾ, അടിവസ്ത്രങ്ങൾ, പാദരക്ഷകൾ, ബാഗുകൾ എന്നിവയാണ് എൻക്രസ്റ്റഡിലെ പ്രധാന ഉത്പ്പന്നങ്ങൾ. ഒരു പുതിയ അവധിക്കാലപ്രചോദിതമായ ശേഖരം അവതരിപ്പിക്കാൻ ഒരുങ്ങുകയാണ് എൻക്രസ്റ്റഡ് ഇപ്പോൾ.

# കെഎസ് യുഎം സ്റ്റാർട്ടപ്പായ ഭൂഷൺസ് ജൂനിയറിൽ 1.11 കോടിയുടെ നിക്ഷേപ സമാഹരണം

**കൊച്ചി:** കുട്ടികൾക്കുള്ള ഉല്ലാസക്കഥകളും റോബോട്ടിക് കളിപ്പാട്ടങ്ങളും വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പായ ഭൂഷൺസ് ജൂനിയർ 1.11 കോടി രൂപയുടെ നിക്ഷേപ സമാഹരണം നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത ഈ സ്റ്റാർട്ടപ്പ്, ടെക്ടെയിൻമെൻറ് എന്ന പുതിയ വിഭാഗത്തിനാണ് തുടക്കമിട്ടിരിക്കുന്നത്.കുട്ടികൾക്കായി ടെക്നോളജിയും എൻറർടെയിൻമെൻറും സമന്വയിപ്പിച്ചാണ് ടെക്ടെയിൻമൻറ് എന്ന വിഭാഗം ഭൂഷൺസ് ജൂനിയർ അവതരിപ്പിച്ചിരിക്കുന്നത്. നിർമ്മിത ബുദ്ധി, വെർച്വൽ റിയാലിറ്റി, റോബോട്ടിക്സ് എന്നിവയുടെ സഹായത്തോടെയാണ് ആനിമേഷൻ പരമ്പരകൾ, ഗെയിമിംഗ് ഉത്പന്നങ്ങൾ എന്നിവ വികസിപ്പിച്ചെടുത്തിയിരിക്കുന്നത്. 2026 ആകുമ്പോഴേക്കും കുട്ടികളുടെ വിനോദ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ബ്രാൻഡായി മാറുകയെന്നതാണ് ലക്ഷ്യമെന്ന് കമ്പനിയുടെ സിഇഒയും സ്ഥാപകനുമായ ശരത് ഭൂഷൺ പറഞ്ഞു.ഇന്ത്യയിലെ കുട്ടികൾക്ക് ആവശ്യമായ തനത് വിനോദോപാധികൾ ടെലിവിഷനിലോ ഇൻറർനെറ്റിലോ ഇല്ലെന്ന തിരിച്ചറിവാണ് ഇത്തരമൊരു സംരംഭത്തെക്കുറിച്ചാലോചിക്കാനുള്ള കാരണമെന്ന് ശരത് ഭൂഷൺ പറഞ്ഞു. ഇന്ത്യൻ കുട്ടികൾക്ക് സുപരിചിതമായ കഥാപാത്രങ്ങളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അവരിലേക്കെത്തിക്കുക എന്നതായിരുന്നു ലക്ഷ്യമെന്നും ശരത് ഭൂഷൺ പറഞ്ഞു.സുഹൃത്തായ ജോസഫ് പാനിക്കുളവുമായി ചേർന്നാണ് അദ്ദേഹം ഈ സംരംഭം ആരംഭിച്ചത്. ഇന്ത്യയിലെ കുട്ടികളെ മാത്രമല്ല, ലോകത്തിലെ വിവിധ രാജ്യങ്ങളിലെ കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ വിനോദോപാധികൾ ഉടൻ പുറത്തിറക്കുമെന്നും അദ്ദേഹം അറിയിച്ചു.

# ഐസിഐസിഐ പ്രുഡൻഷ്യൽ നവീന പദ്ധതി അവതരിപ്പിച്ചു

**കോഴിക്കോട്:** നവീന പദ്ധതി അവതരിപ്പിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. സമഗ്ര ലൈഫ് പരിരക്ഷ നൽകുന്നതും അപകട മരണത്തിനും അപകടത്തിലൂടെയുള്ള സ്ഥിരം വൈകല്യങ്ങൾക്കും എതിരെ പരിരക്ഷ നൽകുന്നതുമായ ഐസിഐസിഐ പ്രു പ്രൊട്ടക്ട് എൻ ഗെയിൻ പദ്ധതിയാണ് പുതുതായി അവതരിപ്പിച്ചിരിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട അറിയിച്ചു.വാർഷിക പ്രീമിയത്തിന്റെ 100 ശതമാനം വരെ പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ദീർഘകാല സമ്പത്തു സൃഷ്ടിക്കാനും സാമ്പത്തിക ലക്ഷ്യങ്ങൾ നേടാനും സഹായിക്കുന്ന വിപണി ബന്ധിത വരുമാനം ലഭ്യമാക്കാനും പദ്ധതി സഹാകരമാവും. ഓഹരി, കടപത്ര വിഭാഗങ്ങളിലായുള്ള 18 വിഭാഗങ്ങളിൽ നിന്നു തെരഞ്ഞെടുപ്പ് നടത്തി വരുമാനം വർധിപ്പിക്കാനുള്ള അവസരവും ഇത് ഉപഭോക്താക്കൾക്കു നൽകും. പോളിസി കാലയളവിൽ കുടുംബത്തിനു സമ്പൂർണ സാമ്പത്തിക പരിരക്ഷയും കാലാവധിക്കു ശേഷം ഉപഭോക്താവിന് ഗണ്യമായ ഒറ്റത്തുകയും നൽകുമെന്നും, 45 വയസിനു താഴെയുള്ള ഉപഭോക്താക്കൾ വൈദ്യ പരിശോധന ആവശ്യമില്ലെന്നും അമിത് പാൽട അറിയിച്ചു.

# എച്ച്ഡിഎഫ്സി ബാങ്ക് ഓണം ഫെസ്റ്റീവ് ട്രീറ്റ്സ് ലോഞ്ച് ചെയ്തു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക്, കേരളത്തിൽ ഉത്സവാഘോഷങ്ങളുടെ ഭാഗമായി ഓണം ഫെസ്റ്റീവ് ട്രീറ്റ്സ് 2023 ക്യാമ്പെയ്ൻ ആരംഭിച്ചു. ക്യാംപയിന്റെ ഭാഗമായി, ബാങ്ക് തങ്ങളുടെ ലോൺ പ്രൊഡക്ടുകളിലുടനീളം ആകർഷകമായ ഓഫറുകൾ ആരംഭിച്ചിട്ടുണ്ട്.എച്ച്ഡിഎഫ്സി ബാങ്ക് കാർഡ് ഉടമകൾക്ക് ആഭരണങ്ങൾ, ഗൃഹോപകരണങ്ങൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾക്ക് 30% വരെ ഇൻസ്റ്റന്റ് ഡിസ്കൗണ്ട് ലഭിക്കുമെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. കൂടാതെ, പെഴ്സണൽ ലോണുകൾ, എക്സ്പ്രസ് കാർ ലോണുകൾ, ടു വീലർ ലോണുകൾ, ഹോം ലോണുകൾ, ബിസിനസ് ലോണുകൾ, ഗോൾഡ് ലോണുകൾ, കമേഴ്സ്യൽ വെഹിക്കിൾ ലോണുകൾ, ട്രാക്ടർ ലോണുകൾ, കൺസ്ട്രക്ഷൻ എക്യുപ്മെന്റ് ലോണുകൾ, ക്രെഡിറ്റ് കാർഡിൻമേലുള്ള ലോണുകൾ, സെക്യൂരിറ്റികൾക്കു നേരെയുള്ള ലോണുകൾ, വസ്തുവകകൾ ക്കുനേരെയുള്ള ലോണുകൾ എന്നിങ്ങനെ ബാങ്കിന്റെ പ്രൊഡക്ടുളിലുടനീളം വായ്പയെ




ടുക്കുന്നവർക്ക് ആകർഷകമായ ഓഫറുകൾ ലഭിക്കും. ഫെസ്റ്റീവ് ട്രീറ്റ്സ് ഓണം 2023 ഓഫറുകൾ 2023 ഓഗസ്റ്റ് 31 വരെ സാധുതയുള്ളതാണെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

## യുഗ്രോ കാപിറ്റലിന് 25.2 കോടി രൂപ അറ്റാദായം

**കൊച്ചി:** ഡേറ്റ ടെക്ക് ബാങ്കിതര ധനകാര്യ സ്ഥാപനമായ യുഗ്രോ കാപിറ്റലിന് നടപ്പു സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 25.2 കോടി രൂപ അറ്റാദായം. ലാഭത്തിൽ 244 ശതമാനമാണ് വാർഷിക വർധന. മുൻവർഷം ഇതേകാലയളവിൽ 7.3 കോടി രൂപയായിരുന്നു അറ്റാദായം. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തിയിലും മികച്ച വളർച്ച രേഖപ്പെടുത്തി. മൊത്തം ആസ്തി മുൻവർഷത്തെ അപേക്ഷിച്ച് 85 ശതമാനം വർധിച്ച് 6,777 കോടി രൂപയിലെത്തി. ആദ്യ പാദത്തിൽ 2,036 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു. രാജ്യത്തെ ഏറ്റവും വലിയ എംഎസ്എംഇ വായ്പാദാതാവായ യുഗ്രോയുടെ ഉപഭോക്താക്കളുടെ എണ്ണത്തിൽ 65 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. 8,664 എംഎസ്എംഇ ഉപഭോക്താക്കളെയാണ് പുതുതായി കമ്പനിക്ക് ലഭിച്ചത്.

# ആസ്റ്റർ പി.എം.എഫ് ആശുപത്രി പ്രവർത്തനം ആരംഭിച്ചു



**കൊല്ലം :** കൊല്ലം ജില്ലയിലെ ജനങ്ങൾക്ക് അത്യാധുനിക ആരോഗ്യ സേവനങ്ങൾ വാഗ്ദാനം ചെയ്ത് ആസ്റ്റർ പത്മാവതി മെഡിക്കൽ ഫൗണ്ടേഷൻ (ആസ്റ്റർ പി.എം.എഫ് ആശുപത്രി) പ്രവർത്തനം ആരംഭിച്ചു. ആശുപത്രി അങ്കണത്തിൽ നടന്ന ചടങ്ങിൽ കോവൂർ കുഞ്ഞുമോൻ എം. എൽ. എയാണ് പ്രവർത്തനം ഉദ്ഘാടനം ചെയ്തത്. അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനോദ്ഘാടനം കാർഡിയാക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജി സുമിത്രൻ, കൺസൾട്ടന്റ് ന്യൂറോ സർജൻ ഡോ. ഷിജോയ് ജോഷ എന്നിവർ ചേർന്ന് നിർവഹിച്ചുകാർഡിയാക് സയൻസ്, കാർഡിയോ തൊറാക്സിക് ആന്റ് വാസ്കുലാർ ശസ്ത്രക്രിയ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഒബ്സ്ട്രറ്റിക്സ് ആൻഡ് ഗൈനക്കോളജി, ജനറൽ സർജറി, ഇന്റേണൽ മെഡിസിൻ, ഡെർമറ്റോളജി, ഗ്യാസ്ട്രോ എൻട്രോളജി, ന്യൂറോളജി, നെഫ്രോളജി, എമർജൻസി മെഡിസിൻ, അനസ്തേഷ്യോളജി, ഡെന്റിസ്ട്രി, റൂമറ്റോളജി, സൈക്യാട്രി തുടങ്ങി വിവിധ വിഭാഗങ്ങളിലായി ഏറ്റവും മികച്ച ചികിത്സയാണ് ആസ്റ്റർ പി.എം.എഫിൽ വിഭാവനം ചെയ്യുന്നത്. ഇതിന് പുറമേ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ അതിവിദഗ്ധരായ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കും. ആദ്യഘട്ടത്തിൽ ന്യൂറോ സർജറി, കരൾ രോഗ വിഭാഗം എന്നിവയിലായി ആഴ്ചയിൽ മൂന്ന് ദിവസം വീതം ഈ സേവനങ്ങൾ ലഭ്യമാക്കും.ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ കീഴിലുള്ള സംസ്ഥാനത്തെ ഏഴാമത് ആശുപത്രിയാണ് ആസ്റ്റർ പി.എം.എഫ്. മേയ് 31നായിരുന്നു ആസ്റ്റർ ഗ്രൂപ്പ് പി.എം.എഫുമായി ഇതുസംബന്ധിച്ച കരാറിൽ ഏർപ്പെട്ടത്.24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ആംബുലൻസ് സേവനവും, അത്യാധുനിക നിലവാരത്തിലുള്ള നാലു ഓപ്പറേഷൻ തീയേറ്ററുകൾ, സി.ടി സ്കാൻ, സർവ്വ സജ്ജമായ ലാബ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. 100 ബെഡുകളാണ് നിലവിലുള്ളത്. ഭാവിയിൽ 50 ശതമാനം ബെഡുകൾ കൂടി വർധിപ്പിക്കാനാണ് അധികൃതരുടെ തീരുമാനം. മെഡിക്കൽ ഇൻഡൻസീവ് കെയർ യൂണിറ്റ്, ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നിയോനാറ്റൽ ഐ.സി.യു, സർജിക്കൽ ഐ.സി.യു, സി.ടി.വി.എസ് ഐ.സി.യു എന്നീ തീവ്ര പരിചരണ വിഭാഗങ്ങളിലായി 35 ഐ.സി.യു ബെഡുകളും സജ്ജീകരിക്കും. ചടങ്ങിൽ ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ, ആസ്റ്റർ പി.എം.എഫ് ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. നാഫിൽ അബ്ദുൽ മജീദ്, ക്ലിനിക്കൽ കോ ഓർഡിനേറ്റർ ഡോ. വി. രാഘവൻ, ഓപ്പറേഷൻസ് ഹെഡ് വി.കെ വിജീഷ് തുടങ്ങിയവർ പങ്കെടുത്തു.

## ഡി.സി.എ കോഴ്സ് പ്രവേശനം

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്കോൾകേരള എറണാകുളം ജില്ലയിലെ ജി.എച്ച്.എസ്.എസ് ശിവൻ കുന്ന്, ജി.ബി.എച്ച്.എസ്.എസ് പെരുമ്പാവൂർ, ജി.എം.എച്ച്.എസ്.എസ് ചെറുവട്ടൂർ, ജി.ജി.എച്ച്.എസ്.എസ് ആലുവ, ജി.വി.ബി.എച്ച്.എസ്.എസ് തൃപ്പൂണ്ണിത്തുറ, ജി.എച്ച്.എസ്.എസ്. മഞ്ഞപ്ര, എസ്.ആർ.വി. എം.എച്ച്.എസ്.എസ് എറണാകുളം, എം.ജി.എം.എച്ച്.എസ്.എസ് കുറുപ്പംപടി, എസ്.എൻ.എച്ച്.എസ്.എസ് ഒക്കൽ, ഉദയംപേരൂർ, സെന്റ് മേരീസ് സി.ജി.എച്ച്.എസ്.എസ് എറണാകുളം, ജി.എച്ച്.എസ്.എസ് സെൻട്രൽ കൽവത്തി, എസ്.എൻ.ഡി. പി.എച്ച്.എസ്.എസ് സെന്റ് പീറ്റേഴ്സ് വി.എച്ച്.എസ്.കോലഞ്ചേരി തുടങ്ങിയ സ്കൂളുകളിൽ ആരംഭിക്കുന്ന പി.എസ്.സി അംഗീകൃത ഡി.സി.എ (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധിയില്ലാതെ എസ്.എസ്.എൽ.സി അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ള ആർക്കും പഠിക്കാം. വിവിധ കോഴ്സുകൾ പഠിക്കുന്നവർക്ക് പഠനത്തോടൊപ്പവും വിവിധ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിനോടൊപ്പവും പഠിക്കത്തക്കവിധത്തിൽ പൊതുഅവധി ദിവസങ്ങളിലാണ് ഓൺലൈൻ/ഓഫ്‌ലൈൻ ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്. പാഠപുസ്തകങ്ങൾ ഉൾപ്പടെ 5300 രൂപയാണ് കോഴ്സ് ഫീസ്. ഫീസ് രണ്ടു ഗഡുക്കളായി അടക്കാം. താൽപര്യമുള്ളവർ www.scolekerala.org എന്ന സൈറ്റ് മുഖേന ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ സ്കോൾ കേരള വിദ്യാഭവൻ പൂജപ്പുര പി.ഒ, തിരുവനന്തപുരം വിലാസത്തിൽ സ്പീഡ് /രജിസ്റ്റേട് തപാൽ മാർഗ്ഗം എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ ഓഫീസിലെ 0484 2377537, 9447913820 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

# 'കിംഗ് ഓഫ് കൊത്ത' ആഗസ്റ്റ് 24ന് തിയേറ്ററുകളിലേക്ക്



**കൊച്ചി:** പ്രേക്ഷകർ ആകാംഷയോടെ കാത്തിരിക്കുന്ന ദുൽഖർ സൽമാൻ നായകനാകുന്ന മാസ്സ് എന്റെർറ്റൈനെർ കിംഗ് ഓഫ് കൊത്ത ഓണം റിലീസായി ആഗസ്റ്റ് 24ന് തിയേറ്ററുകളിലേക്ക് എത്തുന്നു. എതിരാളികൾ ഇല്ലാതെ സോളോ റിലീസ് ആയി തിയേറ്ററിൽ എത്തുന്ന ബിഗ് ബഡ്ജറ്റഡ് ചിത്രം നാന്നൂറിൽപരം സ്ക്രീനുകളിൽ കേരളത്തിൽ റിലീസാകുന്നു. അഭിലാഷ് ജോഷി സംവിധാനം നിർവഹിച്ച ചിത്രത്തിന്റെ ടീസറും കലാപകാര ഗാനവും സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആയി തുടരുകയാണ്. സിനിമാപ്രേമികൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ചിത്രത്തിന്റെ ഓരോ അപ്ഡേറ്റിനും വൻ പ്രതികരണമാണ് ലഭിക്കുന്നത്. ദുൽഖറിന്റെ കരിയറിലെ ഏറ്റവും ചെലവേറിയതും കഥാപാത്രത്തിൽ തന്നെ വെല്ലു വിളികൾ നിറഞ്ഞതുമായ കിംഗ് ഓഫ് കൊത്ത സീസ്റ്റുഡിയോസും ദുൽഖർ സൽമാന്റെ വേഫറെർ ഫിലിംസും ചേർന്ന് നിർമ്മിക്കുന്നു. ഷബീർ കല്ലറക്കൽ, പ്രസന്ന, ചെമ്പൻ വിനോദ്, ഷമ്മി തിലകൻ, ഗോകുൽ സുരേഷ്, വടചെന്നൈ ശരൺ, ഐശ്വര്യാ ലക്ഷ്മി, നൈല ഉഷ, ശാന്തി കൃഷ്ണ, അനിഖാ സുരേന്ദ്രൻ തുടങ്ങി വൻ താരനിരയാണ് ചിത്രത്തിലുള്ളത്. കിംഗ് ഓഫ് കൊത്തയുടെ ഛായാഗ്രഹണം നിമീഷ് രവിയാണ്. ജേക്സ് ബിജോയ്,ഷാൻ റഹ്മാൻ എന്നിവർ ചിത്രത്തിന് സംഗീതമൊരുക്കുന്നു. സംഘട്ടനം : രാജശേഖർ, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, പ്രൊഡക്ഷൻ ഡിസൈനർ : നിമേഷ് താനൂർ, എഡിറ്റർ: ശ്യാം ശശിധരൻ, കൊറിയോഗ്രാഫി: ഷെറീഫ് ,മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ,സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്, പി ആർ ഓ: പ്രതീഷ് ശേഖർ.

